## അദ്ധ്യായം 9

# വിശ്വാസത്താലുള്ള നീതീകരണത്താൽ യിസ്രായേലിനോടുള്ള വാഗ്ദത്തത്തിൽ അനുരഞ്ജനപ്പെടുന്നു (ഭാഗം 1)

9-ാം അദ്ധ്യായത്തോടെ, റോമാലേഖനത്തിന്റെ പകുതി മുതലുള്ള ഭാഗത്തിന്റെ നമ്മുടെ പഠനം ആരംഭിക്കുകയാണ്. ഈ പുസ്തകത്തിന്റെ ഔട്ട് ലൈനിൽ, ആദ്യ 8 അദ്ധ്യായങ്ങളെ ‘‘ഉപദേശ’’ വിഷയങ്ങളെന്നും പിന്നീടുള്ള 8 അദ്ധ്യായങ്ങളെ ‘‘പ്രായോഗിക’’ ഭാഗങ്ങളെന്നും നമ്മൾ തരം തിരിച്ചിരുന്നു. പ്രായോഗിക ഭാഗത്തെ വീണ്ടും രണ്ടായി തരം തിരിക്കുകയാണ്. ‘‘വിവരണങ്ങൾ’’ (9:1-11:36) എന്നും ‘‘പ്രായോഗികത’’ യെന്നും (12:1-15:13). 9 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങളിൽ ജിം മാക്ഗിഗാൻ, പൗലൊസിന്റെ വിവരണങ്ങളെ വിളിക്കുന്നത് ‘‘യഹൂദന്മാരുടെ പ്രശ്നങ്ങൾ’’[1]: സീനായ് പർവ്വതത്തിൽ വെച്ച് ദൈവം ഉണ്ടാക്കിയ ഉടമ്പടി എങ്ങനെയാണ് വിശ്വാസത്താലുള്ള നീതീകരണമായി ബന്ധപ്പെടുത്തുക എന്നതാണ്.

9-11 വരെയുള്ള അദ്ധ്യായങ്ങളിൽ ചില ഭാഗങ്ങൾ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്. എൻ.ടി. റൈറ്റ് പറഞ്ഞത്, ‘‘റോമർ 9-11 വരെ തിരിഞ്ഞുകുത്തുന്ന മൃഗത്തിന്റെ കൊമ്പുകൾ ആകുന്നുവെന്നാണ്.[2] പലരും ഇതൊരു ബുദ്ധിമുട്ടുള്ള ഭാഗമായി കണ്ടുകൊണ്ട് ഇടക്കുവെച്ചവസാനിപ്പിക്കാറുണ്ട്. റോമർക്കെഴുതിയ പുസ്തകത്തിൽ ആദ്യത്തെ 8 അദ്ധ്യായങ്ങൾ സുവിശേഷങ്ങളായും അവസാനത്തെ 4 അദ്ധ്യായങ്ങൾ പ്രായോഗികതയായും ഇടക്കുള്ള മൂന്നദ്ധ്യായങ്ങൾ വളരെ സങ്കീർണ്ണതയുള്ളതായും കാണുന്നു.’’[3]

എന്തുകൊണ്ടാണ് ഈ അദ്ധ്യായങ്ങൾ ഇത്ര ബുദ്ധിമുട്ടുള്ളതാകുന്നത്? പല കാരണങ്ങളും അതിൽ കാണാം. ഒന്നാമത്, ഇത് ആദ്യ നൂറ്റാണ്ടിലെ പ്രശ്നങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്. നമ്മുടെ കാലഘട്ടത്തിൽ അത്തരം പ്രശ്നങ്ങളല്ല നാം അഭിമുഖീകരിക്കുന്നത്. രണ്ടാമതായി, ഞാനും നിങ്ങളും അഭിമുഖീകരിക്കുന്നതുപോലെയല്ല പൗലൊസ് ആ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നത്. കൂടുതൽ പ്രാവശ്യവും അദ്ദേഹമതിനെ തന്റെ സഹയഹൂദന്മാർ കാണുന്ന രീതിയിൽ കണ്ടുകൊണ്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

മറ്റൊരു കാരണം, ഇതിത്ര സങ്കീർണ്ണമായി തോന്നാൻ കാരണം ഇത് തെറ്റായി പഠിപ്പിക്കുന്നതുകൊണ്ടായിരുന്നു. നാലു വർഷങ്ങളായി, ഇത് വളരെ രസാവഹമായ ഒരു ഭാഗമായിരുന്നു. കാൽവിനിസ്റ്റുകൾക്ക് മുൻ നിർണ്ണയം, മുൻ അറിവ്, തെരെഞ്ഞെടുപ്പ് പിന്നീട്, ഈ അടുത്തകാലത്തായി, ആയിര

മാണ്ട് വാഴ്ച്ച ആരംഭിച്ചുവെന്ന വാദക്കാർക്ക്, ഈ അദ്ധ്യായങ്ങൾ ''ലോക വസാനം വന്നെത്തിയിരിക്കുന്നുവെന്ന്'' വാദിക്കുവാൻ ഈ ഭാഗത്തെ കൂട്ടി ചേർത്തു തുടങ്ങി. പ്രത്യേക താൽപര്യം ഈ ഭാഗത്തോട് കാണിക്കുന്നവർ റോമർ 11:26 എടുത്തു പറയുന്നത്, ''മുഴു യിസ്രായേലും രക്ഷിക്കപ്പെടും എന്ന താണ്.'' അവർ പറയാറുള്ളത്, അവർക്കു നല്കപ്പെട്ട സമയത്തിനുശേഷം എല്ലാ യഹൂദന്മാരും, ലോകാന്ത്യമടുക്കുമ്പോഴേക്കും യേശു മശിഹായാണെന്ന് ഏറ്റുപറയും എന്നാണ്.

അവസാനമായി, ഇതൊരു ആദ്യനൂറ്റാണ്ടിലെ പ്രശ്നമായിരുന്നതുകൊണ്ട് നമ്മുടെ തലമുറയിൽ ഇതെങ്ങനെ പ്രായോഗികമാക്കപ്പെടുമെന്ന് നമുക്കറി ഞ്ഞുകൂടാ. അതിനാൽ ഒരു വെല്ലുവിളിയായി അവശേഷിപ്പിക്കുകയാണ്. (ചിലപ്പോൾ പറയാറുണ്ട് റോമർ 8 കഴിഞ്ഞിട്ട് 12 മുതൽ അതിന്റെ തുടർച്ചയായി കാണുകയായിരുന്നെങ്കിൽ 9–11 വരെയുള്ളത് ഒരു പ്രയാസമാകുകയില്ലായിരു ന്നുവെന്ന്). എന്നിരുന്നാലും റോമർ 9–11 വരെയുള്ള അദ്ധ്യായങ്ങളെ ദൈവം സൂക്ഷിച്ചത് പൗലൊസിന്റെ ഈ സന്ദേശം മുമ്പ് ക്രിസ്തീയ ലോകത്തിനും കാലഘട്ടങ്ങൾക്കും വേണ്ടിയായിരുന്നു. ഈ അദ്ധ്യായങ്ങൾ നമ്മൾ പഠിക്കു ന്തോറും, നമുക്കുള്ള വെല്ലുവിളിയെന്നത് ദൈവം *നമ്മെ* എന്താണതിൽ നിന്നും പഠിപ്പിക്കേണ്ടതെന്ന് കണ്ടെത്തുക എന്നതാണ്.

### വിശ്വസിക്കാത്ത യഹൂദന്മാരെക്കുറിച്ചുള്ള പൗലൊസിന്റെ ദുഃഖം (9:1-5)

**1ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു; ഞാൻ പറയുന്നത് ഭോഷ്ക്കല്ല;
2എനിക്കു വലിയ ദുഃഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ട് എന്ന്
എന്റെ മനഃസാക്ഷി എനിക്കു പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു.
3ജഡപ്രകാരം എന്റെ ചാർച്ചക്കാരായ എന്റെ സഹോദരന്മാർക്കുവേണ്ടി ഞാൻ
തന്നെ ക്രിസ്തുവിനോട് വേറിട്ട് ശാപഗ്രസ്തനാകുവാൻ ഞാൻ ആഗ്രഹിക്കു
മായിരുന്നു. 4അവർ യിസ്രായേല്യർ; പുത്രത്വവും, തേജസ്സും, നിയമങ്ങളും,
ന്യായപ്രമാണവും, ആരാധനയും, വാഗ്ദത്തങ്ങളും അവർക്കുള്ളവ; പിതാ
ക്കൻമാരും അവർക്കുള്ളവർ തന്നെ; 5ജഡപ്രകാരം ക്രിസ്തുവും അവരിൽനി
ന്നല്ലോ ഉത്ഭവിച്ചത്; അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നേക്കും
വാഴ്ത്തപ്പെട്ടവൻ. ആമേൻ.**

ആത്മാവിന്റെ പൂർണ്ണ നിയന്ത്രണത്തിൻ കീഴിൽ പൗലൊസ് വളരെ കരു തലോടെ 9–ാം അദ്ധ്യായം തന്റെ സഹയഹൂദന്മാരോട് അപേക്ഷിക്കുവാനായി എഴുതിയതാണ്. അവരോടുള്ള സ്നേഹവും കരുതലും പ്രകടിപ്പിക്കുവാൻ താൻ ആരംഭിച്ചു. 8 അദ്ധ്യായങ്ങളിൽ, പൗലൊസ് പറഞ്ഞുകൊണ്ടിരുന്നത്, ന്യായപ്രമാണത്താലോ പരിച്ഛേദന ഏൽക്കുന്നതിനാലോ ആരും നീതീക രിക്കപ്പെടുന്നില്ലയെന്നാണ്. അദ്ദേഹം തിരിച്ചറിഞ്ഞ ഒരു കാര്യം അവാസ്ത വമാണങ്കിലും താനിങ്ങനെ സംസാരിക്കുന്നതിനാൽ തന്നെ ഒരു ചാരനായി തന്റെ സ്വജാതിക്കാർ മുദ്രകുത്താൻ ഇടയുണ്ടെന്നായിരുന്നു. പൗലൊസിന് ദൈവം നൽകിയ ശുശ്രൂഷ ജാതികളുടെ ഇടയിൽ ആയിരുന്നെങ്കിലും (11:13; പ്രവൃത്തി. 9:15; ഗലാ. 2:8, 9 കാണുക), തന്റെ സ്വജാതിക്കാരെക്കുറിച്ചുള്ള കരുതലോടുകൂടെ താൻ ജീവിച്ചതായി കാണാം. താൻ ഒരു പുതിയ സ്ഥല ത്തേക്കുപോയപ്പോൾ, അവിടെ സുവിശേഷം പങ്കുവെച്ചത് യഹൂദന്മാർ അംഗീ കരിക്കാതിരുന്നതിനാൽ ജാതികളിലേക്കു താൻ തിരിഞ്ഞു (പ്രവൃത്തി. 13:14,

46 കാണുക). റോമർക്കെഴുതിയ ലേഖനത്തിന്റെ മുഖ്യ വിഷയമായിട്ടു താൻ പറഞ്ഞത്, സുവിശേഷം "ആദ്യം യഹൂദന്മാർക്ക്" എന്നാണ് (1:16). പൗലൊസ് ഇവിടെ പറഞ്ഞത് 9:1–5 അദ്ദേഹത്തിന്റെ സ്വയഹൂദജാതികൾ യേശുവിനെ മശിഹായായി അംഗീകരിച്ചില്ലായെന്നതാണ്.

**വാക്യം 1.** ഈ ഖണ്ഡിക ആരംഭിക്കുന്നത്, പൗലൊസ് പറയുവാൻ പോകുന്ന കാര്യം സത്യമാണെന്ന് ഉറപ്പിച്ചുകൊണ്ടാണ്: **ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു; ഞാൻ പറയുന്നത് ഭോഷ്ക്കല്ല; എനിക്കു വലിയ ദുഃഖവും ഹൃദയത്തിൽ ഇടവിടാതെ വേദനയും ഉണ്ട് എന്ന് എന്റെ മനസ്സാക്ഷി എനിക്കു പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു.**[4] ഇവിടെ രണ്ടു പദങ്ങൾ, "ക്രിസ്തുവിൽ" "പരിശുദ്ധാത്മാവിൽ" എന്നത്, പൗലൊസ് ദൈവത്വത്തിലുള്ള രണ്ടു ആളത്വങ്ങളെക്കുറിച്ച് മനസ്സിലാക്കി സത്യം പറയുന്നതിൽ തെറ്റുപറ്റിയവർക്ക് ഉത്തരം നല്കുകയാണ്.[5]

**വാക്യം 2.** പൗലൊസ് പറയുവാൻ ആഗ്രഹിച്ച സത്യം ഇതാണ്: **എന്റെ ഹൃദയത്തിൽ വല്ലാത്ത നോവും സങ്കടവുമുണ്ട്.** ഇത്രവലിയ സങ്കടത്തിന് കാരണം എന്താകുന്നു? അതിനെക്കുറിച്ചുള്ള ചർച്ചയാണ് താഴെ ഭാഗങ്ങളിൽ കാണുന്നത്. തന്റെ സഹയഹൂദന്മാർ യേശുവിന്റെ മഹത്വത്തെ തള്ളിക്കളഞ്ഞതിന്റെ ഫലമായി അവർ നാശത്തിൽ വീണു എന്നതാണ്. 10:1–ൽ "തന്റെ ഹൃദയത്തിന്റെ ആഗ്രഹവും ദൈവത്തോടുള്ള പ്രാർത്ഥനയുമെന്നാണ്, അത് യഹൂദന്മാരുടെ രക്ഷക്കുവേണ്ടിയുള്ളതാണ്."

**വാക്യം 3.** താഴെ വരുന്ന ഭാഗങ്ങളിൽ യഹൂദന്മാരെക്കുറിച്ചുള്ള പൗലൊസിന്റെ നിരന്തരമായ കരുതൽ വ്യക്തമാക്കുന്നുണ്ട്. **ജഡപ്രകാരം എന്റെ ചാർച്ചക്കാരായ എന്റെ സഹോദരന്മാർക്കുവേണ്ടി ഞാൻ തന്നെ ക്രിസ്തുവിനോട് വേറിട്ട് ശാപഗ്രസ്ഥനാകുവാൻ ആഗ്രഹിക്കുമായിരുന്നു.** "ശാപഗ്രസ്ഥനാകുക" എന്നത് ἀνάθεμα (*anathema*) എന്ന പദത്തിൽ നിന്നും ഉണ്ടായതാണ്. ശാപത്തിന്റെ ഒരു വസ്തുവായിട്ടാണ് തന്നെ പൗലൊസ് ഇവിടെ നിർത്തുന്നത്. ദൈവത്തിന്റെ ന്യായത്തിന്റെ ശിക്ഷയുടെ മുമ്പാകെയുള്ള ആശയം.[6] അനാത്തിമ (*anathema*) എന്നതിനെ ഡഗ്ലസ് ജെ. മൂ പറയുന്നത് "പുതിയനിയമത്തിൽ ഇത് ദൈവജനത്തിൽ നിന്നും ഒരു വ്യക്തി മാറിപ്പോകുമ്പോൾ "അയാൾക്കെതിരെയുള്ള" ഒരു ശിക്ഷയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത് (1 കൊരി. 12:3; 16:22; ഗലാ. 1:8–9 കാണുക).[7]

തീർച്ചയായും, മറ്റുള്ള സഹയഹൂദന്മാർക്കുവേണ്ടി പൗലൊസ് ഒരു ശാപമായി തീരുവാൻ *സാദ്ധ്യമല്ല*. 14:12ൽ താൻ പറയുന്നത്, "നാം ഓരോരുത്തരും ദൈവമുമ്പാകെ കണക്കു കൊടുക്കേണ്ടിവരും" എന്നാണ്. എന്താണ് പൗലൊസ് പറയുവാൻ ഉദ്ദേശിക്കുന്നതെന്ന് വെച്ചാൽ അങ്ങനെ വേറിട്ടിരിക്കുവാൻ സാദ്ധ്യമാകുന്ന പക്ഷവും ദൈവഹിതമാണെങ്കിലും താൻ അവർക്കുവേണ്ടി ക്രിസ്തുവിൽ നിന്നും വേറിട്ടിരിക്കുകയും അതുകൊണ്ട് അവർ രക്ഷിക്കപ്പെടുമെങ്കിൽ തനിക്കതിൽ സന്തോഷമെയുള്ളുവെന്നുമാണ്. ഈ ഒരു വസ്തുത, മോശെയുടെ അനുഭവവുമായി ബന്ധപ്പെടുത്തിയാണ് നമ്മളെ ഓർമ്മിപ്പിക്കുന്നത്. യിസ്രായേൽ ജനം കാളക്കുട്ടിയെ വാർത്തുണ്ടാക്കി ദൈവത്തിന്റെ കോപം അവരുടെമേൽ വന്നപ്പോൾ "ഈ ജനം എന്നോടു പാപം ചെയ്തു. അവർ തങ്ങൾക്കുവേണ്ടി സ്വർണ്ണം കൊണ്ടൊരു കാളക്കുട്ടിയെ അവർക്കായി ഉണ്ടാക്കി; നിന്നോട് പാപം ചെയ്തിരിക്കുന്നു. അതിനാൽ അവിടുത്തേക്കിഷ്ടമാണെങ്കിൽ അവരോടു ക്ഷമിക്കേണമേ അല്ലായെങ്കിൽ എന്റെ

പേരു ജീവപുസ്തകത്തിൽ നിന്നും മായിച്ചുകളയേണമെ!'' (പുറ. 32:31, 32).[8] മോശെ പ്രാർത്ഥിച്ചത്, ''എന്റെ സഹയിസ്രായേലിനെ ശിക്ഷ വിധിക്കുകയാണെങ്കിൽ എന്നെയും കൂടെ ശിക്ഷിക്കേണമെ.'' ഈ രണ്ടു കാര്യങ്ങളിലും ശരിയായ കരുതലിന്റെയും നിലനിൽക്കുന്ന സ്നേഹത്തിന്റെയും പ്രകടനം കാണുവാൻ കഴിയും.

3ാം വാക്യത്തിൽ കാണുന്ന ഈ ഭാഗം ശ്രദ്ധിക്കുക: ''ജഡപ്രകാരം എന്റെ ചാർച്ചക്കാരായവർ'' നിയമാനുസൃതമായി ക്രിസ്ത്യാനികളെ ഉദ്ദേശിച്ചെഴുതുമ്പോൾ പൗലൊസ് ഉപയോഗിച്ചിരിക്കുന്നത് ''സഹോദരന്മാർ'' എന്നാണ് (1:13; 12:1; 15:30 കാണുക); എന്നാൽ ഇവിടെ തന്റെ സഹ യഹൂദന്മാർക്കായി ആ പദം ഉപയോഗിച്ചിരിക്കുന്നു. തന്റെ യഹൂദന്മാരുമായുള്ള ബന്ധത്തിന്റെ ഊഷ്മളത മറ്റുള്ളവർ അറിയുവാൻ താൻ ആഗ്രഹിച്ചിരുന്നു. ''തന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും അംശികളാണവർ'' എന്നത് ഊന്നി പറയുകയാണ് (ഠഋഢ). ആത്മീകമായി, താനൊരു ക്രിസ്ത്യാനിയും ദേശീയമായി, താനൊരു യഹൂദനുമായിരുന്നു.[9]

**വാകൃങ്ങൾ 4, 5.** യഹൂദ ജനതയ്ക്ക് ദൈവം നല്കിയിട്ടുള്ള അനുഗ്രഹത്തിന്റെ ഭാഗഭാക്കുകളായി തന്റെ ചാർച്ചക്കാരും ബന്ധുക്കളുമായി പൗലൊസ് അവരെ കാണുകയാണ്. മുമ്പ് താൻ ചോദിച്ചിരുന്നത്, ''യഹൂദന്മാർക്ക് എന്തു വിശേഷതയാണുള്ളതെന്നായിരുന്നു?'' (3:1) തന്റെ ചോദ്യത്തിന് ഉത്തരം താൻ തന്നെ നല്കുന്നുണ്ട്. ''എല്ലാ തരത്തിലുമുണ്ട്'' എന്നാൽ അവിടെ ഊന്നിപറഞ്ഞത്, ''ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചവർ എന്നാണ്'' (3:2). ഇപ്പോൾ താൻ അത് വിവരിച്ചുകൊണ്ട് ഒൻപതു അനുഗ്രഹങ്ങൾ ദൈവം യിസ്രായേലിനു നല്കിയതായി പറയുന്നു.

**യിസ്രായേല്യരാണ്** തന്റെ ജനമെന്ന് പൗലൊസ് പറയുന്നു. ദൈവദൂതനുമായി മല്ലടിച്ച ശേഷം യാക്കോബിന് ദൂതനിട്ട പേരാണ് യിസ്രായേൽ (ഉല്പത്തി 32:28). അർത്ഥം ദൈവത്തോട് മൽപ്പിടിത്തം നടത്തിയവൻ, അല്ലെങ്കിൽ ദൈവത്തോടു ഗുസ്തി കൂടിയവൻ എന്നാണ്. അതിനു ശേഷം യിസ്രായേൽ എന്ന പദം യിസ്രായേലിന്റെ പിൻഗാമികളെയും യാക്കോബിനെയും യഹൂദന്മാർക്കുള്ള പ്രത്യേക പരിഗണനയായി ഊന്നിപറയുവാൻ ഉദ്ദേശിക്കുന്നതാണിത്. ''പഴയനിയമത്തിനും പുതിയനിയമ കാലത്തിനും ഇടയിൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരാണിവർ എന്നു വിളിക്കുവാൻ വേണ്ടിയാണിത്[10] ഉപയോഗിച്ചിരിക്കുന്നത്.'' (പൗലൊസ് പൊതുവിൽ ''യഹൂദ'' നെന്നും ''യഹൂദന്മാ'' രെന്നും പറഞ്ഞുവന്നിട്ട് 9 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങളിൽ ''യിസ്രായേല്യർ'' എന്നും ''യിസ്രായേൽ'' എന്നും വിളിക്കുന്നു).

**പുത്രന്മാർ എന്ന പദവിയിലേക്ക് അവരെ ദത്തെടുത്തിരിക്കുന്നുവെന്ന്** പിന്നീട് പൗലൊസ് പറയുന്നു. ദത്തെടുക്കുക എന്ന പദം ഊന്നിപ്പറയുന്നത് തന്റെ പുത്രന്മാരും പുത്രിമാരുമായി യിസ്രായേൽ ജനത്തെ *തെരഞ്ഞെടുത്തു* എന്നതുകൊണ്ടാണ് (പുറ. 4:22; ഹോശെ. 11:1)[11]. ദൈവം മിസ്രയീമിനെയോ, അശൂരിനെയോ, ബാബിലോണിനെയോ പോലുള്ള ഒരു ശക്തമായ രാജ്യത്തെ അല്ല തെരഞ്ഞെടുത്തത്, മറിച്ച് ഒരു ചെറിയ രാജ്യമായ യിസ്രായേലിനെയാണ്. യിസ്രായേലിനോടു ദൈവം പറഞ്ഞു. ''ലോകത്തിലുള്ള എല്ലാ കുടുംബങ്ങളിലും വെച്ച് നിങ്ങളെ ഞാൻ തെരഞ്ഞെടുത്തിരിക്കുന്നു'' (ആമോ. 3:2).

പൗലൊസ് പിന്നീട് **മഹത്വ**ത്തെക്കുറിച്ചാണ് പറയുന്നത്. ദൈവം തനിക്കായി യിസ്രായേലിനെ തെരെഞ്ഞെടുത്തപ്പോൾ അവർക്കു നല്കിയ മഹ

ത്വത്തെക്കുറിച്ചാണ് ഉദ്ദേശിച്ചത്. ദൈവ ജനത്തിന്റെ മദ്ധ്യത്തിൽ ദൈവീക സാന്നിധ്യം നല്കിയതാണ് അതിൽ പ്രധാനം. ഇതിനായി യഹൂദ റബ്ബിമാർ ഉപയോഗിച്ച പദം שְׁכִינָה (*Sh^e^kinah*, ഷെക്കീന) എന്നതാണ്. ദൈവത്തിന്റെ മഹത്വം അഗ്നിത്തൂണായും മേഘസ്തംഭമായും അവർക്കു വെളിപ്പെട്ടതാണ്. അവരെ മരുഭൂമിയിലൂടെ നടത്തുവാനായി (പുറപ്പാട് 13:21) ദൈവത്തിന്റെ ടാബർനാക്കിൾ എന്നറിയപ്പെടുന്ന കൂടാരം പണിതപ്പോൾ അതിന്മേൽ മുഴുവനായി ദൈവത്തിന്റെ മഹത്വം നിറയപ്പെടും (പുറ. 40:34), അതേ കാര്യം തന്നെ ദൈവാലയം പണിതു കഴിഞ്ഞപ്പോഴും സംഭവിച്ചു (1 രാജാ 8:10, 11). യിസ്രായേലിനെ മാത്രമേ ഈ വിധത്തിൽ ദൈവം ആദരിച്ചിട്ടുള്ളൂ.

നാലാമത്തെ കാര്യം *ഉടമ്പടി*യാണ്.[12] ദൈവം അവരുടെ പൂർവ്വപിതാവായ അബ്രാഹാമിനോടു ഒരു ഉടമ്പടി ചെയ്തു (ഉല്പത്തി 17:1–8; 12:1–3, 22:18 കാണുക). സീനായ് പർവ്വതത്തിൽ വെച്ച് ഒരു ജനതയെന്ന നിലയിൽ ദൈവം അവരോട് മറ്റൊരു ഉടമ്പടി ചെയ്തു (പുറ. 24:8; 20:1–17 കാണുക). മറ്റൊരു ഉടമ്പടി ദാവീദ് രാജാവിനോടും ദൈവം ചെയ്തത് ഇതിൽ ഉൾപ്പെടുന്നു (2 ശമു. 23:5; 7:12 കാണുക). ഈ ഉടമ്പടികളെല്ലാം യിസ്രായേൽ ജനതയോടു മാത്രം ദൈവം ചെയ്തതാണ്.

പിന്നീട് പൗലൊസ് പറയുന്നത് **ന്യായപ്രമാണം നൽകിയതിനെക്കുറിച്ചാണ്**. മുന്നമെ നാം നിരീക്ഷിച്ചതുപോലെ ദൈവത്തിന്റെ അരുളപ്പാട് അവർക്ക് (വെളിപ്പാടായ്) ലഭിച്ചത് യഹൂദന്മാർക്ക് വലിയൊരു സംഗതിയാണ് (3:1, 2). യഹൂദന്മാർക്കല്ലാതെ മറ്റാർക്കും *ലിഖിതമായ* ന്യായപ്രമാണം ദൈവത്തിൽ നിന്നും ലഭിച്ചിരുന്നില്ല. അതുകൊണ്ടാണ് 9-ാം അദ്ധ്യായത്തിൽ പൗലൊസ് ന്യായപ്രമാണം *നല്കി*യതിനെക്കുറിച്ച് പ്രതിപാദിക്കുന്നത്. ആ സന്ദർഭത്തിൽ "ഇടിയും മിന്നലും, കൂരിരുട്ടുപോലെയുള്ള മേഘസ്തംഭങ്ങളും ഭീതിപ്പെടുത്തുന്ന കാഹളധ്വനിയും പർവ്വതത്തിൽ കേൾക്കുവാൻ ഇടയായിത്തീർന്നു." അതിനെക്കാളും "ദൈവത്തിന്റെ സാന്നിധ്യം ആ പർവ്വതത്തിൽ ഇറങ്ങിയപ്പോൾ സീനായ് പർവ്വതം മുഴുവനും വലിയ അഗ്നിപർവ്വതം പോലെ പുകകൊണ്ട് മൂടപ്പെടുന്നതുപോലെയും പർവ്വതം പിളരുന്നതുപോലെയുള്ള ശബ്ദവും ധ്വനിക്കുകയും ചെയ്തു" (പുറ. 19:16, 18). അതേതു തരത്തിലുള്ള അനുഭവങ്ങളായിരുന്നുവെന്നത് അവർണ്ണനീയവും പ്രത്യേകമായി കാഴ്ച്ചക്കാരെ സ്വാധീനിക്കുന്നതുമായിരുന്നു – അത് യിസ്രായേലിനു മാത്രം ലഭിച്ചതാണ്.

പൗലൊസ് യിസ്രായേലിനുണ്ടായ ആറാമത്തെ അനുഗ്രഹമായി **ദൈവാലയ ശുശ്രൂഷയെ** വെളിപ്പെടുത്തുകയാണ്. "ദൈവാലയം" എന്നത് പരിഭാഷകർ വ്യക്തമാക്കാൻ വേണ്ടി പരിഭാഷപ്പെടുത്തിയെഴുതിയതാണ്. ഗ്രീക്കു മൂലഗ്രന്ഥത്തിൽ "ശുശ്രൂഷ" (*λατρεία, latreia*) എന്നു മാത്രം രേഖപ്പെടുത്തിയിരുന്നത് (ലാറ്ററിയ) എന്ന പദമാണ് അവിടെ ഉപയോഗിച്ചിരിക്കുന്നത്. അത് ദൈവത്തിനുള്ള ശുശ്രൂഷയെന്നർത്ഥമാണ്; അതിൽ ദൈവത്തിനുള്ള ആരാധനയും ഉൾപ്പെടുന്നു.[13] ഇവിടെ ഊന്നൽ നല്കുന്നത്, ദൈവത്തിന്റെ അടുത്തേക്കുള്ള പ്രവേശനം ദൈവം സാധ്യമാക്കിയെന്നതാണ്. യിസ്രായേൽ ജനം സമാഗമന കൂടാരത്തിൽ പ്രവേശിക്കുമ്പോഴും പിന്നീടു ദൈവാലത്തിൽ പ്രകാശിക്കുമ്പോഴും എങ്ങനെയാണ് അടുത്തു ചെല്ലേണ്ടതെന്ന് വളരെ വ്യക്തമായി നിർദ്ദേശങ്ങൾ നല്കിയിരുന്നു. ദൈവത്തിന്റെ അനുഗ്രഹങ്ങളും കരുണയും എങ്ങനെ ചോദിച്ചുവാങ്ങണമെന്നത് യിസ്രായേലിനു മാത്രം നിർദ്ദേശിക്കപ്പെട്ടിരുന്നുള്ളൂ.

**വാഗ്ദത്തങ്ങളാലും** യിസ്രായേൽ അനുഗ്രഹീതരായിരുന്നു. പഴയനിയമം മുഴുവനും വാഗ്ദത്തങ്ങളാൽ നിറയപ്പെട്ടതാണ്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് വരുവാനുള്ള മശിഹായെ കുറിച്ചുള്ള വാഗ്ദത്തമായിരുന്നു. അതു യിസ്രായേലിന് മാത്രമാണ് നല്കിയിരുന്നത്.

എട്ടാമത്തെ അവർക്കുണ്ടായിരുന്ന അനുഗ്രഹം **പിതാക്കന്മാരാ**യിരുന്നു. (πατήρ, *patēr*) എന്ന പദത്തിൽ നിന്നുമാണ് അതുത്ഭവിച്ചത്. ചകഢയിൽ "പാട്രിയാർക്കീസ്" എന്ന വാക്കാണ്. യഥാർത്ഥ പിതാക്കന്മാർ അബ്രാഹാം, യിസഹാക്ക്, യാക്കൊബ് എന്നിവരായിരുന്നെങ്കിലും യഹൂദന്മാർ പിന്നീട് പ്രധാനികളായ നിരവധിയാളുകളെക്കൂടെ അതിനോടൊപ്പം ചേർത്തു. മോശെയും ദാവീദും അതിൽ പ്രധാനികളായിരുന്നു. അതിൽ അവർ അഭിമാനിക്കുകയും ചെയ്തു.

അവസാനവും അതിപ്രധാനവുമായത് അവരുടെ മുൻഗാമികളിൽ നിന്നും **ക്രിസ്തു** (മശിഹ) വന്നു. ദൈവത്തെ നിനക്കായ് ഒരു ജനതയെമാറ്റി നിർത്തിയതിന്റെ പ്രധാന കാരണം വരുവാനുള്ള മശിഹായ്ക്കുവേണ്ടി അവരിലൂടെ രാജ്യങ്ങളെ ഒരുക്കി വെക്കുകയെന്നതായിരുന്നു; അതിനായി ഈ ജനതയെ ലോകത്തിന്റെ മുമ്പാകെ മാന്യരായി നിലനിർത്തുക എന്നതായിരുന്നു ദൈവീകോദ്ദേശം.

**ജഡപ്രകാരം** എന്നുള്ള പ്രത്യേക പദമാണിവിടെ പൗലൊസ് പറഞ്ഞിരിക്കുന്നത്. കാരണം യേശുവിന്റെ മാനുഷികത യിസ്രായേലിന്റെ പൂർവ്വികന്മാരിൽ നിന്നുള്ള ഉൽഭവം ഉള്ളതുകൊണ്ടാണ് (1:2–4; മത്താ. 1:1–25 കാണുക). അവന്റെ ആത്മീകമായത് സ്വർഗ്ഗത്തിൽ നിന്നുമായിരുന്നു (ലൂക്കൊ. 1:26–35 കാണുക).

"ക്രിസ്തു ആർക്കുവേണ്ടിയുള്ളവനല്ല" അപ്പൊസ്തലൻ ഇവിടെ പറയുന്നത്, മറിച്ച് **ആരിൽ നിന്നുമാണ്** എന്നാണല്ലോ. തന്റെ വാക്കുകൾ പ്രതിഫലിപ്പിക്കുന്നത് യേശു ക്രിസ്തു ലോകത്തിൽ വന്നു എന്നതാണ്. അനേക യഹൂദന്മാരും ലോകത്തിലേക്കുവന്ന യേശുവിനെ ക്രിസ്തുവായിട്ട് അംഗീകരിക്കാതെ ഇന്നും മശിഹ വരണമെ എന്നു പ്രാർത്ഥിക്കുകയാണ്. ജറാൾഡ് ആർ. ഗ്രാജ് എഴുതി, "അന്ധനായി തീരുന്നത് വളരെ ഖേദകരമാണ്, എന്നാൽ തന്റെ മഹത്വം ഗ്രഹിക്കാതെ ഒരന്ധനെപ്പോലെ ഇഴയുന്നതാണ് വിവരിക്കുവാൻ കഴിയാത്ത തരത്തിലുള്ള ഖേദം."[14]

പൗലോസ്, ദൈവത്തിന്റെ അനുഗ്രഹം യിസ്രായേലിന് ലഭിച്ചതും പ്രത്യേകിച്ച് ക്രിസ്തുവാകുന്ന അനുഗ്രഹത്തെ ലഭിച്ചതിനെ ഓർക്കുമ്പോൾ തന്റെ സ്തുതികൾ അടക്കിവെക്കുവാൻ കഴിയാതെ കർത്താവിനെ മഹത്വപ്പെടുത്തുകയാണ്. വൈകാരികമായി കർത്താവിന് പുകഴ്ച്ച നൽകി പറയുന്നത്, **അവൻ സർവ്വത്തിനും മേലെയുളളവനും, ദൈവത്തിന് മഹത്വവും എന്നേക്കുമുണ്ടാകട്ടെ ആമേൻ**. ഈ "ആശിർവ്വാദം" (സ്തുതികളുടെ വാക്കുകൾ) ക്രിസ്തു എല്ലാറ്റിനും മീതെയുള്ളവൻ എന്നു വ്യക്തമാക്കുന്നു. താൻ സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു തൊട്ടുമുമ്പായി കർത്താവ് തന്റെ ശിഷ്യന്മാരോട് അരുളിചെയ്തത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു (മത്താ. 28:18). അവൻ സ്വർഗ്ഗാരോഹണം ചെയ്തശേഷം പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു (മർക്കൊ. 16:19) അവിടിരുന്ന് അവൻ ഇപ്പോൾ സകലത്തെയും ഭരിക്കുന്നു (1 കൊരി. 15:25 കാണുക).

"ദൈവം എല്ലാക്കാലവും വാഴ്ത്തപ്പെട്ടവൻ" എന്ന ആശിർവ്വാദം കാണുക.

അതിന്റെ അടിസ്ഥാന അർത്ഥം "നിത്യനായി അനുഗ്രഹീത ദൈവം" എന്നാണ് (ചഗഖഢ). കുത്തും കോമയും (NASB, KJV, NIV) മുൻകാലങ്ങളിൽ അപൂർവ്വമായിരുന്നതിനാൽ എല്ലാറ്റിന്റെയും മീതെ എന്നത് പൊതുവായിട്ടാണോ അല്ലെങ്കിൽ ഒരു സമയത്തേക്കു മാത്രമായിരുന്നോ അതോ അതൊരു കാലത്തേക്കു മാത്രമാണെങ്കിൽ തീർച്ചയായും പിതാവായ ദൈവത്തെയാണ് 5-ാം വാക്യം സൂചിപ്പിക്കുന്നത് (CJB; കാണുക TEV; NEB)

കുറഞ്ഞത് രണ്ടു കാരണത്താൽ "സകലത്തിനും മീതെ ദൈവമായവൻ" എന്നത് യേശുക്രിസ്തുവിന്റെ ദൈവീകത്വത്തെയാണത് വ്യക്തമാക്കുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. ഒന്ന് ആദിമകാലത്തെ എഴുത്തുകാർ ആ പദം യേശുവിനു ഉപയോഗിച്ചിരുന്നു. രണ്ടാമതായി ആ വാക്യങ്ങളെ സമന്വയിപ്പിക്കുന്ന ചില വാക്കുകളാണ്, "ജഡപ്രകാരവും" എന്നത്. "ജഡപ്രകാരവും" യേശു യിസ്രായേല്യനാണ്, എന്നാൽ ആത്മാവ് സംബന്ധിച്ച് അവൻ "ദൈവമാണ്," അങ്ങനെയുള്ളവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ എന്നാണർത്ഥം. "എല്ലാറ്റിനും മീതെ" എന്നത് ഒരു സമയത്തിൽ ഉൾപ്പെടുത്തിയാലും പുത്രനായ ദൈവം എന്ന ആശയം പൗലൊസിൽ ഉണ്ടായിരുന്നു.

വാൾട്ടർ. ഡബ്ള്യൂ. വെസ്സൽ റോമർ 9:5 നെ വിളിക്കുന്നത് "യേശുക്രിസ്തുവിന്റെ ദൈവീകത്വം വളരെ വ്യക്തമാക്കുന്ന പുതിയനിയമത്തിലെ ഒരു ഭാഗമാണിത്, അതിൽ പരിഭാഷയിലും അതിന്റെ പൂർണ്ണത കാണുവാൻ സാധിക്കുന്നുണ്ട്." (ചകഢ)[15] മൂ അതിനോട് യോജിക്കുന്നു. "ഇതൊരു സങ്കീർണ്ണതയുള്ളതാണെങ്കിലും സാഹചര്യങ്ങളും, വാക്കുകളും, കോമകളും മേലുദ്ധരിച്ചതിനെ സാധൂകരിക്കുന്നതാണ്; അതുകൊണ്ടുതന്നെ പുതിയനിയമത്തിൽ യേശുവിനെ 'ദൈവമേ' എന്നു വിളിക്കുവാൻ ഈ വാക്യം നമ്മെ ശക്തീകരിക്കുന്നു."[16]

## ദൈവത്തിന്റെ അപ്രമേയത്വം (9:6-13)

**6ദൈവവചനം വ്യർത്ഥാവായിപ്പോയി എന്നല്ല; യിസ്രായേലിൽനിന്ന് ഉത്ഭവി**
**ച്ചവർ എല്ലാം 7യിസ്രായേല്യർ എന്നും അബ്രാഹാമിന്റെ സന്തതിയാകയാൽ**
**എല്ലാവരും മക്കൾ എന്നും വരികയില്ല: "യിസഹാക്കിൽ നിന്നു ജനിക്കുന്നവർ**
**നിന്റെ സന്തതി എന്നു വിളിക്കപ്പെടും" എന്നേയുള്ളു. 8അതിന്റെ അർത്ഥമോ:**
**ജഡപ്രകാരം ജനിച്ച മക്കൾ അല്ല ദൈവത്തിന്റെ മക്കൾ, വാഗ്ദത്തപ്രകാരം**
**ജനിച്ച മക്കളെയത്രേ സന്തതി എന്ന് എണ്ണുന്നു. 9"ഈ സമയത്തേക്കു ഞാൻ**
**വരും; അപ്പോൾ സാറായ്ക്ക് ഒരു മകൻ ഉണ്ടാകും" എന്നല്ലോ വാഗ്ദത്ത**
**വചനം. 10അത്രയുമല്ല, റിബെക്കയും നമ്മുടെ പിതാവായ യിസഹാക് എന്ന**
**ഏകനാൽ ഗർഭം ധരിച്ചു, 11കുട്ടികൾ ജനിക്കയോ ഗുണമാകട്ടെ ദോഷമാകട്ടെ**
**ഒന്നും പ്രവർത്തിക്കയോ ചെയ്യും മുമ്പേ തിരഞ്ഞെടുപ്പിൻ പ്രകാരമുള്ള**
**ദൈവനിർണ്ണയം പ്രവൃത്തികൾ നിമിത്തമല്ല വിളിച്ചവന്റെ ഇഷ്ടം നിമിത്തം**
**തന്നെ വരേണ്ടതിന്: 12"മൂത്തവൻ ഇളയവനെ സേവിക്കും" എന്ന് അവളോട്**
**അരുളിചെയ്തു. 13"ഞാൻ യാക്കോബിനെ സ്നേഹിച്ച് ഏശാവിനെ ദ്വേഷി**
**ച്ചിരിക്കുന്നു." എന്ന് എഴുതിയിരിക്കുന്നുവല്ലോ.**

**വാക്യം 6.** താൻ യഹൂദന്മാരുടെ സ്നേഹിതനാണെന്നും ശത്രുവല്ലായെന്നും മനസ്സിലാക്കിച്ചതിനുശേഷം യഹൂദന്മാരുടെ യഥാർത്ഥ പ്രശ്നത്തിലേക്ക് തലയിടുകയാണ്. റോമർ 9–11 വരെയുള്ള ഭാഗത്തെ പ്രധാന വാക്യമായിട്ട് 6മ കാണുന്നു: **ദൈവവചനം വ്യർത്ഥാവായിപ്പോയി എന്നല്ല.** പൗലൊസ് ഇത്തരത്തിലുള്ള

ചോദ്യങ്ങൾ യഹൂദന്മാരിൽ നിന്നും പ്രതീക്ഷിച്ചിരുന്നു: ‘‘നീ ഇപ്പോൾ ദൈവം നമ്മുടെ ജനത്തോടുണ്ടാക്കിയ ഉടമ്പടിയെക്കുറിച്ചും, നമുക്ക് ദൈവീകമായ വാഗ്ദത്തങ്ങളെ നല്കിയതിനെക്കുറിച്ചും വാചാലനായി, എന്നിട്ടിപ്പോൾ യേശു ക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രമേ നീതീകരിക്കപ്പെടുകയുള്ളൂവെന്ന് തന്റെ ലേഖനത്തിലുടനീളം എഴുതിയിരിക്കുന്നു. കൂടുതൽ യഹൂദന്മാരും യേശുവിൽ വിശ്വസിക്കായ്കയാൽ, ദൈവം തന്റെ ഉടമ്പടിയും വാഗ്ദത്തങ്ങളും മാനിക്കുന്നതിൽ പരാജിതനായി എന്നാണല്ലോ വരുന്നത്.’’

അതിനാൽ പൗലൊസ് വേഗത്തിൽ അവരോടു പറയുന്നത്, **ദൈവവചനം വൃഥാവായിട്ടില്ല വചനം വിഫലമായിട്ടില്ല**. യിസ്രായേലിൽ നിന്നും ഉൽഭവിച്ചവർ എല്ലാം യിസ്രായേല്യർ അല്ല. സന്തതികൾ എന്ന വാക്ക് ചഅടആ യിൽ വ്യക്തതക്കുവേണ്ടി കൂട്ടിച്ചേർക്കപ്പെട്ടതാണ്. ആ വാചകം അക്ഷരീകമായി ഇങ്ങനെ പരിഭാഷപ്പെടുത്താം. ‘‘യിസ്രായേലിൽ നിന്നുള്ളവരെല്ലാം യിസ്രായേല്യരല്ല.’’ ഈ ഒരു തത്വം രണ്ടു വൃത്തം വരച്ച് ഉദാഹരിക്കാൻ കഴിയും. ഒരു വൃത്തം മറ്റൊന്നിന്റെ അകത്തായി വരക്കാം.[17] അതു രണ്ടും ‘‘യിസ്രായേൽ’’ ആണ്. എന്നാൽ വലിയ വൃത്തം യിസ്രായേലിൽ നിന്നും *ശാരീരികമായി* ജനിച്ചവർ (യാക്കൊബിൽ നിന്നും) അതിന്റെ ഉള്ളിലുള്ള വൃത്തമാകട്ടെ, *ആത്മീക* യിസ്രായേൽ അഥവാ ‘‘*യഥാർത്ഥ* യിസ്രായേൽ’’ (പിന്നീടുള്ള ചർച്ചയിൽ പൗലൊസ് അവരെ വിളിക്കുന്നത് ‘‘ശേഷിപ്പ്’’ 9:27; 11:5 എന്നാണ്) ചെറിയ വൃത്തത്തിലുള്ളവർ യിസ്രായേലിന്റെ (യാക്കൊബിന്റെ) സന്തതികളാണ്. *എന്നാൽ അവർ യേശുക്രിസ്തുവിലും വിശ്വസിക്കുന്നു*. 2:28,29ൽ പൗലൊസ് പറയുന്നത്, പുറമെയുള്ളവനല്ല യഹൂദൻ ... അകമെയുള്ളവനാണ് യഹൂദൻ.’’ 2ലും 9ലും പറയുന്ന യഥാർത്ഥ യിസ്രായേല്യരും, യഥാർത്ഥ യഹൂദനും യഥാർത്ഥമായി ദൈവത്തിന്റെ ഉദ്ദേശത്തെ പൂർത്തീകരിച്ചവരാണ്, അത്, യേശുവിനെ മശിഹായായി അംഗീകരിക്കുക എന്നതായിരുന്നു.

2:28, 29 ലും 9:6 (യ) യിലെയും വാക്കുകൾ വലിയ പങ്കു യഹൂദന്മാരെയും ഷോക്കു നല്കുന്നതിന് തുല്യമായിരിക്കും. അവർ ധരിച്ചുവെച്ചിരുന്നത് അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കൊബിന്റെയും വംശജരായാൽ അവരുടെ നിത്യ രക്ഷ ഉറപ്പാക്കാൻ സാധിക്കുമെന്നതായിരുന്നു. അങ്ങനെ പോരായെന്നു തെളിയിക്കുവാൻ, പൗലൊസ് തന്റെ വായനക്കാരെ, ദൈവം ഭൂതകാലത്തിൽ ഉണ്ടാക്കിയ രണ്ടു തെരഞ്ഞെടുപ്പുകളെ ഓർമ്മപ്പെടുത്തുകയാണ്.

**വാക്യം 7.** *ഒന്നാമത്, ദൈവം യിസ്ഹാക്കിനെ തെരഞ്ഞെടുത്തു* (9:7–9). പൗലൊസ് സംസ്ഥാപിക്കുന്നത്, അബ്രാഹാമിന്റെ ജഡ-പ്രകാരമുള്ള സന്തതിയായാൽ മതിയായിരുന്നില്ല എന്നതാണ് പൊരുൾ. **‘‘യിസ്ഹാക്കിൽ നിന്നു ജനിക്കുന്നവർ നിന്റെ സന്തതി എന്നു വിളിക്കപ്പെടും.’’** അബ്രാഹാമിന് ധാരാളം കുട്ടികൾ ഉണ്ടായിരുന്നു (ഉല്പത്തി 25:1, 2). അതിൽ ഹാഗാറിൽ ഉണ്ടായ യിശ്മായേലും ഉൾപ്പെടുന്നു (ഉല്പത്തി 16:15). എന്നിരുന്നാലും അവരിൽ ഒരുവ-നായ യിസ്ഹാക്കിനെ മാത്രമേ തന്റെ വാഗ്ദത്തത്തിന്റെ അവകാശിയായി അബ്രാഹാം തെരഞ്ഞെടുത്തുള്ളൂ. 7–ാം വാക്യത്തിലുള്ളത് ഉല്പത്തി 21:12–ൽ നിന്നുമുള്ള ഉദ്ധരണിയാണ്. ദൈവം അബ്രാഹാമിനോട് അരുളിച്ചെയ്ത ‘‘യിസ്ഹാക്കിൽ നിന്നും ജനിക്കുന്നവർ നിന്റെ അവകാശികളെന്ന് വിളിക്കപ്പെടും.’’

**വാക്യം 8.** പൗലൊസ് തുടരുന്നത്, **അതിന്റെ അർത്ഥമോ ജഡപ്രകാരം ജനിച്ച മക്കൾ അല്ല ദൈവത്തിന്റെ മക്കൾ; വാഗ്ദത്തപ്രകാരം ജനിച്ച മക്ക**

ളെയത്രെ സന്തതി എന്നു എണ്ണുന്നു. “ജഡപ്രകാരമുള്ള മക്കൾ” എന്നത് അബ്രാഹാമിനു അന്യസ്ത്രീകളിൽ ഉണ്ടായ മക്കളെയാണ് സൂചിപ്പിക്കുന്നത്. യിസ്മായേലിൽ നിന്നുണ്ടായ അറബികളും, ഏദോമ്യരും കെതുരയുടെ മക്കളുടെ ഗണമായ മിദ്യാന്യരും മറ്റുള്ളവരും. എന്നിരുന്നാലും വാഗ്ദത്ത സന്തതിയായി ദൈവം (യിസഹാക്കിന്റെ മക്കളെയാണ്) അബ്രാഹാമിന്റെ സന്തതികളും അവകാശികളുമായി അംഗീകരിച്ചത്.

**വാക്യം 9.** “വാഗ്ദത്ത സന്തതികൾ” എന്നത് വാഗ്ദത്തത്തിൽ നിന്നും ഉൽഭവിച്ചവരാണ്. എന്തായിരുന്നു ആ വാഗ്ദത്തം? പൗലൊസ് പറയുന്നത്, **“ഇത് വാഗ്ദത്തത്തിന്റെ വാക്കുകളാണ്.” ഈ സമയം കഴിഞ്ഞിട്ട് ഞാൻ വരും, സാറായിക്ക് ഒരു മകനുണ്ടായിരിക്കും”** ഈ ഒരു വാഗ്ദത്തം നല്കുമ്പോൾ അബ്രാഹാമിന് തൊണ്ണൂറ്റി ഒൻപതും സാറായിക്ക് എൺപത്തിഒൻപതും വയസ്സു പ്രായമുണ്ടായിരുന്നു. “അഥവാ ഞാൻ മടങ്ങി അടുത്ത വർഷം വരുമ്പോൾ സാറായിക്ക് ഒരു മകൻ ഉണ്ടാകും” (ഉല്പത്തി 18:10; 17:17 കാണുക). ഒരു വർഷത്തിനു ശേഷം, വാഗ്ദത്തംപോലെ സാറായി യിസ്ഹാക്കിനെ പ്രസവിച്ചു (ഉല്പത്തി. 21:1–3).

ഈ തരത്തിലുള്ള ചിന്തകളുമായി പൗലൊസ് ഏതു മാർഗ്ഗത്തിലേക്കാണ് പോകുന്നത് യ യിശ്മായേലിനെയും യിസ്ഹാക്കിനെയും സംബന്ധിച്ചു ദൈവത്തിന്റെ തെരഞ്ഞെടുപ്പിൽ, ദൈവം ശരിയായ തെരഞ്ഞെടുപ്പു നടത്തിയെന്ന് യഹൂദന്മാർക്ക് യാതൊരു സംശയവുമില്ല. ശരിയായ തെരഞ്ഞെടുപ്പു നടത്തുവാൻ ദൈവത്തിന് അധികാരമുണ്ടെന്ന് പൗലൊസ് ഉപസംഹരിക്കുവാനായിട്ടും ആ തെരഞ്ഞെടുപ്പ് ശരിയായ പാതയിലുള്ളതാണെന്നും വ്യക്തമാക്കുവാൻ വേണ്ടിയാണ് ഇതെഴുതുന്നത്. അതുകൊണ്ട്, ശാരീരിക യിസ്രായേൽ ആരെന്നും ആത്മീക യിസ്രായേൽ ആരെന്നും തീരുമാനിക്കുവാൻ അധികാരമുണ്ടെന്ന് വ്യക്തമാക്കുന്നു.

**വാക്യങ്ങൾ 10–12.** *രാമത്,* ദൈവം *യാക്കോബിനെ തെരഞ്ഞെടുത്തു* (9:10–13). പിതാക്കന്മാരുടെ അവകാശികൾ ജഡപ്രകാരമുള്ളവരല്ലായെന്നതിന്റെ തെളിവായി പൗലൊസ് **യിസ്ഹാക്കിനെയും റിബേക്കയേയും** ചൂണ്ടിക്കാണിക്കുകയാണ്. താൻ ഊന്നിപ്പറയുന്നത്, യാക്കൊബിനെ *തെരഞ്ഞെടുത്തത് ദൈവത്തിന്റെ തീരുമാനമാണ്* (ἐκλεκτός, *eklektos*).[18] ദൈവത്തിന്റെ അപ്രമേയാധിപത്യത്തിൽ ദൈവത്തിനാരെ തെരഞ്ഞെടുക്കണമെന്നതിന് പൂർണ്ണ അധികാരമുണ്ട്. തനിക്കിഷ്ടമുള്ളവരെ സ്വീകരിക്കാനും, തള്ളിക്കളയാനുമുള്ള അവകാശവും ദൈവത്തിൽ നിക്ഷിപ്തമാണ്. അതാണ് ദൈവത്തിന്റെ “പരമാധികാരം.” അതാർക്കും ചോദ്യം ചെയ്യുവാൻ കഴിയാത്തതാണ്.

മുൻപറഞ്ഞ ഉദാഹരണത്തിൽ ഒരുപക്ഷേ താർക്കികമായിട്ടു പറയുവാൻ കഴിയുന്നത്, യിശ്മായേലിനെക്കാളും യിസ്ഹാക്ക് ദൈവീക വഴിയിൽ നടക്കുന്നവനായിരിക്കും എന്നാണ്. എന്നാൽ യാക്കൊബിന്റെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് (ഏശാവും യാക്കൊബും തമ്മിൽ) വേദഭാഗം വ്യക്തത നല്കുന്നത്, ന**ന്മയും തിന്മയും തെരഞ്ഞെടുക്കുവാൻ പ്രായമാകുന്നതിനുമുമ്പു തന്നെ** ഗർഭപാത്രത്തിൽ ഇരട്ടകളായി വളരുമ്പോൾ തന്നെ ദൈവം തെരഞ്ഞെടുപ്പു നടത്തിയെന്നതാണ്. അതിനാൽ, നേട്ടങ്ങളും നൻമയും കഴിവുകളും പ്രസക്തമായ ഘടകങ്ങളായിരുന്നില്ല. യാക്കൊബിന്റെ തിരഞ്ഞെടുപ്പ് **പ്രവർത്തികൾ മൂലമായിരുന്നില്ല**; എന്നാൽ **വിളിക്കുന്ന ദൈവം മൂലമായിരുന്നു.** റിബേക്ക അവരെ ഇരുവരേയും തന്റെ ഗർഭത്തിൽ ചുമക്കുമ്പോൾ തന്നെ ദൈവം അവ

ളോടു പറഞ്ഞത് "രണ്ടു രാജ്യം നിന്നിൽ നിന്നും പൊട്ടിപ്പുറപ്പെടും, രണ്ടു വംശങ്ങൾ അവരിൽ നിന്നും ഉൽഭവിക്കും, മൂത്തവൻ ഇളയവനെ സേവിക്കും" (ഉല്പത്തി. 25:23) പിന്നീട് രണ്ടുപേരും ജനിച്ചു, ആദ്യം ഏശാവും പിന്നീട് യാക്കൊബും (ഉല്പത്തി. 25:24-26).

**മൂത്തവൻ ഇളയവനെ സേവിക്കുമെന്നതിൽ** ചിലർക്കു വലിയ ബുദ്ധിമുട്ടുണ്ടായിരുന്നു, കാരണം ഏശാവു യാക്കൊബിനെ സേവിച്ചതിന്റെ തെളിവുകളൊന്നും എങ്ങും കാണുന്നില്ല. മാത്രവുമല്ല യാക്കൊബാണ് ഏശാവിനെ പിന്നീട് "യജമാനനെ" എന്നു വിളിക്കേണ്ടി വന്നതും ഉല്പത്തി. 33:8 ൻ പ്രകാരം ഉല്പത്തി 25:23ൽ നാം കാണുന്നത്, മൂത്തവൻ ഇളയവനെ സേവിക്കുമെന്നാണ്:

> രണ്ടു *രാജ്യങ്ങൾ* നിന്റെ ഗർഭത്തിൽ ഉണ്ട്; രണ്ടു *ജനതകൾ* നിന്നിൽ നിന്നും പുറപ്പെടും; *ഒരുവൻ* മറ്റവനെക്കാളും ശക്തനായിരിക്കും; മൂത്തവൻ (മൂത്തവന്റെ സന്തതികൾ) ഇളയവനെ (സന്തതികളെ) സേവിക്കും എന്നാണ്.

ഇത് ചരിത്രത്തിന്റെ ഭാഗമാണ്; ഏശാവിന്റെ തലമുറകൾ (ഏദോമ്യർ) യാക്കൊബിന്റെ (ദാവീദ് രാജാവിന്റെ കീഴിലുള്ള യിസ്രായേലിനെ) സേവിച്ചു വെന്നത് (2 ശമു. 8:14).

**വാക്യം 13.** ഉൽപ്പത്തി 25:23 ഒരു വ്യക്തിപരമായ മുൻ വചനങ്ങളല്ല അതൊരു ദേശത്തെക്കുറിച്ചുള്ള പ്രവചനമായിരുന്നു. ഈ ഉപസംഹാരം 13-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന ഉദ്ധരണിയെ ഒന്നുകൂടെ ഊന്നി പറയുന്നതാണ്. ഇപ്രകാരം എഴുതിയിരിക്കുന്നതുപോലെ, **"ഞാൻ യാക്കൊബിനെ സ്നേഹിച്ചു. ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു."** ഈ ഉദ്ധരണി മലാഖി 1:2,3ൽ നിന്നുള്ളതാണ്. താഴെ പറയും വിധമാണിതു വായിക്കേണ്ടത്:

> "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു", എന്നു യഹോവ അരുളിച്ചെയ്യുന്നു; എന്നാൽ നിങ്ങൾ: "നീ ഞങ്ങളെ ഏതിനാൽ സ്നേഹിക്കുന്നു?" എന്ന് ചോദിക്കുന്നു. ഏശാവ് യാക്കൊബിന്റെ സഹോദരനല്ലയോ; "എങ്കിലും ഞാൻ യാക്കൊബിനെ സ്നേഹിക്കുന്നു"; എന്നു യഹോവയുടെ അരുളപ്പാട്. "എന്നാൽ ഏശാവിനെ ഞാൻ ദ്വേഷിച്ച് അവന്റെ പർവ്വതങ്ങളെ ശൂന്യമാക്കി അവന്റെ അവകാശത്തെ മരുഭൂമിയിലെ കുറുനരികൾക്ക് കൊടുത്തിരിക്കുന്നു."

ഇത് കർത്താവ് യിസ്രായേൽ ജനത്തോടു മുഴുവനായി പറയുന്നതാണ് (9:4, 5 ന്റെ വ്യാഖ്യാനം കാണുക). ഈ സാഹചര്യം ഏശാവിന്റെ വംശമായ ഏദോം ജനത്തെ മുഴുവനായിട്ടു കാണിക്കുന്നതാണ്.

"... എന്നാൽ ഏശാവിനെ ഞാൻ ദ്വേഷിക്കുന്നു എന്നതു ചിലർക്ക് ബുദ്ധിമുട്ടുണ്ടാക്കാറുണ്ട്" ചില സന്ദർഭങ്ങളിൽ "ദ്വേഷിക്കുക" എന്നത് സ്നേഹക്കുറവിനെയാണ് വേദപുസ്തകത്തിൽ ഉപയോഗിക്കുന്നത് (ലൂക്കൊ. 14:26). 9:13-ൽ പറഞ്ഞിരിക്കുന്നതിന്റെ വിശദരൂപം AB പരിഭാഷയിൽ കൊടുത്തിട്ടുണ്ട്; "അത് യാക്കോബുമായുള്ള ഇടപാടുകളിലെ ഒരു താരതമ്യമായ വൈകാരികതയാണ്." പൗലൊസിന്റെ റോമർ 9ലെ ഉദ്ദേശം, 13-ാം വാക്യത്തിന്റെ വിശ

ദാംശങ്ങളെ ഇങ്ങനെ ചുരുക്കി. "യാക്കൊബിനെ ഞാൻ തെരഞ്ഞെടുത്തു, ഏശാവിനെ ഞാൻ തള്ളിക്കളഞ്ഞു."

9:1-13 വരെയുള്ള ഭാഗത്തെ രണ്ടു തെരഞ്ഞെടുപ്പുകൾ *രക്ഷയുമായി* ബന്ധപ്പെട്ടതല്ല. മറിച്ച് ശുശ്രൂഷയുമായി ബന്ധമുള്ളതാണ്. ലിയോൺ മോറീസ് ഈ വിധത്തിൽ ഇതിനെ സൂചിപ്പിക്കുന്നു. "പൗലൊസിന്റെ ലേഖനങ്ങളിൽ മുഴുനീളം ഒരു വ്യക്തിയെന്ന നിലയിലോ നിത്യ രക്ഷയുമായി ബന്ധപ്പെട്ടോ അല്ല മറിച്ച് ഒരു ജനത എന്ന നിലയിലും ദൈവീക ശുശ്രൂഷയുടെ ബന്ധത്തിലുമാണത്"[19] വീണ്ടും മോറീസ് പറഞ്ഞു. "സാദ്ധ്യതകൾക്കുവേണ്ടിയുള്ള തെരഞ്ഞെടുപ്പായിരുന്നു, നിത്യതക്കുവേണ്ടിയുള്ളതായിരുന്നില്ല."[20] ദൈവം തന്റെ സ്വർഗ്ഗീയ ഉദ്ദേശം നിറവേറ്റുന്നതിനായി കാലങ്ങളിൽ ചെയ്യുന്ന പരിപാടികളാണത്, എന്നാൽ അത് നിത്യമായ ഒരു തെരഞ്ഞെടുപ്പായി ബന്ധപ്പെട്ടതോ, ബാധിക്കപ്പെടുന്നതോ അല്ല. ഇവിടുത്തെ പ്രശ്നം നിത്യമായതല്ല താല്ക്കാലികമായതാണ്. കാൽവിൻ പിൻതുടർച്ചക്കാർ നിത്യ തെരഞ്ഞെടുപ്പിനാധാരമായി ചൂണ്ടിക്കാണിക്കുന്ന ഒരു വേദഭാഗമാണ് എന്നാൽ ഈ ഭാഗം അവർ ഉദ്ദേശിക്കുന്ന കാര്യം പഠിപ്പിക്കുന്നില്ല.

ഈ വേദഭാഗം മശിഹാ വരുന്നതിനുള്ള രക്തത്തിന്റെ തുടർച്ചയെ കുറിക്കുന്ന കാര്യങ്ങളിൽ ദൈവം തെരഞ്ഞെടുപ്പു നടത്തിയതിനെ കുറിച്ചുള്ളതാണ്. ദൈവം യിശ്മായേലിന്റെ മേൽ യിസ്ഹാക്കിനെ തെരഞ്ഞെടുത്തു. ഏശാവിന്റെയും യാക്കൊബിന്റെയും കാര്യത്തിൽ ദൈവം ഇളയവനെ മൂത്തവനെക്കാളും അധികമായി തെരഞ്ഞെടുത്തു. ദൈവം ദൈവമായതുകൊണ്ട് തെരഞ്ഞെടുക്കുവാൻ ദൈവത്തിനു അധികാരമുണ്ടെന്ന് തീർച്ചപ്പെടുത്തുകയാണ് ഇതിലൂടെ പൗലൊസ് ചെയ്തത്. ദൈവം പരമാധികാരിയും എല്ലാറ്റിനുമുള്ള അധികാരസ്ഥനുമാണ്. ഇപ്പോൾ യഹൂദന്മാർ അതിനോടു യോജിക്കുക തന്നെ ചെയ്യും. എന്നാൽ യഹൂദന്മാർക്ക് ഞെട്ടലുണ്ടാക്കിയ കാര്യം എന്താണ്, അവരെ അതിലേക്കു പ്രായോഗികമാക്കുവാൻ കൊണ്ടുവന്നുവെന്നതാണ്! ദൈവത്തിന് യിസ്രായേലിനെ തള്ളിക്കളഞ്ഞ് യിസ്ഹാക്കിനെ തെരഞ്ഞെടുക്കുവാനും ഏശാവിനെ വിദ്വേഷിച്ച് യാക്കൊബിനെ എടുക്കുവാനും അധികാരമുണ്ടെങ്കിൽ യിസ്രായേലിൽ കുറെപേരെ തള്ളിക്കളയുവാനും കുറെപേരെ സ്വീകരിക്കുവാനും അധികാരമുണ്ട്. ദൈവത്തിന്റെ സർവ്വാധികാര സിദ്ധാന്തം, ഇരുവായ്ത്തലയുള്ള വാളുപോലെയാണ്. അത് രണ്ടുവശത്തേക്കും മുട്ടിക്കുവാൻ പര്യാപ്തമാണ്.

## ദൈവത്തെ പഴിക്കുന്നതിലെ നിരർത്ഥകത (9:14-29)

9:6-13-ൽ ദൈവം നടത്തിയ തെരഞ്ഞെടുപ്പിനെക്കുറിച്ച് പൗലൊസ് സംസാരിച്ചു. കർത്താവ് യിസ്ഹാക്കിനെ തെരഞ്ഞെടുത്തു, യിശ്മായേലിനെ തിരസ്ക്കരിച്ചു (9:7-9); താൻ യാക്കൊബിനെ സ്വീകരിച്ചു, ഏശാവിനെ ദ്വേഷിച്ചു (9:10-13); 9:14-29 വരെ പൗലൊസ് ഊന്നൽ കൊടുത്തത്, ദൈവം തന്റെ തെരഞ്ഞെടുപ്പിൽ സ്ഥിരതയുള്ളവനും നീതി പുലർത്തുന്നവനുമാണ്. അവ *സ്ഥിരമായിരിക്കുന്നത്* തന്റെ പ്രായോഗികത കൊണ്ടും, വ്യക്തിത്വം കൊണ്ടും ഉദ്ദേശം കൊണ്ടുമാണ്.

### തന്റെ പ്രവർത്തിയിലെ സ്ഥിരത (9:14-18)

**14ആകയാൽ നാം എന്തു പറയേണ്ടു? ദൈവത്തിന്റെ പക്കൽ അനീതി**

**ഉണ്ടോ? ഒരുനാളും ഇല്ല! [15]"എനിക്കു കരുണ തോന്നേണം എന്നുളളവനേ ാട് കരുണ തോന്നുകയും എനിക്ക് കനിവ് തോന്നേണം എന്നുള്ളവനോട് കനിവു തോന്നുകയും ചെയ്യും" എന്ന് അവൻ മോശെയോട് അരുളിചെ യ്യുന്നു. [16]അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രെ സകലവും സാധിക്കുന്നത്. [17]"ഇതിനായിട്ടു തന്നെ ഞാൻ നിന്നെ നിർത്തിയിരിക്കുന്നത്; നിന്നിൽ എന്റെ ശക്തി കാണി ക്കേണ്ടതിനും എന്റെ നാമം സർവഭൂമിയിലും പ്രസ്താവിക്കപ്പെടേണ്ടതിനും തന്നെ" എന്നു തിരുവെഴുത്തിൽ ഫറവോനോട് അരുളിച്ചെയ്യുന്നു. [18]അങ്ങനെ തനിക്കു മനസ്സുളളവനോട് അവനു കരുണ തോന്നുന്നു; തനിക്ക് മനസ്സുള്ള വരെ അവൻ കഠിനനാക്കുന്നു.**

**വാക്യം 14. നാം പിന്നെ എന്തു പറയണം?** അത് "ദൈവം കഴിഞ്ഞ നാളുക ളിൽ നടത്തിയ തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ളതാണോ?" ആ ഒരു ചർച്ചയുടെ ഭാഗത്ത്, ഈ ഒരു ചർച്ചയെ ഉൾപ്പെടുത്തികൊണ്ട്, ചകഢ യിൽ ദൈവത്തിൽ ഒരു അനീതിയുള്ളവനാണോ? ചഇഢ യിൽ ആ ചോദ്യം പ്രകടമാക്കുന്നത്; **ദൈവം ന്യായരഹിതമല്ലാത്തത് ചെയ്യുന്നവനോ?** എന്നാണ്. ഈ ചോദ്യ ത്തിന്റെ പശ്ചാത്തലം ദൈവത്തിന് ചില യഹൂദന്മാരെ തെരഞ്ഞെടുക്കുവാന ുള്ള ന്യായയുക്തിയില്ലേ എന്നതാണ്; അത് (യേശുക്രിസ്തുവിൽ വിശ്വസി ക്കുന്നവരെയാണ്) (അവനിൽ വിശ്വസിക്കാത്തവരെ) തള്ളിക്കളയുവാനുള്ള നീതിയുമില്ലേ? മറ്റൊരു വിധത്തിൽ ഇതിനെ ചോദിക്കുവാൻ ദൈവത്തിനു യിസ്രായേലിനെ (യേശുവിൽ വിശ്വസിക്കാനും) വരെ തള്ളിക്കളയുവാനും (യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന) ജാതികളെ സ്വീകരിക്കുവാനുമുള്ള അധികാരവും ന്യായവുമില്ലേ? 14-ാം വാക്യത്തിലെ വാക്കുകൾ പൗലൊസ് എഴുതിയപ്പോൾ ഒരു പ്രത്യേക സാഹചര്യം തന്റെ മനസ്സിൽ ഉണ്ടായിരുന്നു. എന്നാൽ ചോദ്യത്തിന് ബ്രഹത്തായ ഒരു പ്രായോഗികതയുമുണ്ടായിരുന്നു.

ദൈവം തന്റെ പ്രവർത്തികളിലെല്ലാം പക്ഷപാതപൂർണ്ണനല്ലാത്ത വിധത്തി ലല്ലോ കാര്യങ്ങൾ ചെയ്യുന്നത്? അവൻ നമ്മെ ന്യായമായ വിധത്തിൽ തന്നെ കൈകാര്യം ചെയ്യില്ലേ? ദൈവം ന്യായരഹിതമായി കാര്യങ്ങൾ ചെയ്യുന്നുവെന്ന നിർദ്ദേശം തന്നെ പൗലൊസിനെ അസ്വസ്ഥനാക്കിയിരുന്നു. അതുകൊണ്ട് വേഗ ത്തിൽ പറയുന്നത്, **ഇല്ല ഒരിക്കലുമില്ല!** തീർച്ചയായും ഒരു യഹൂദൻ പോലും ദൈവം യിസ്ഹാക്കിനെ യിശ്മായേലിന്റെ മേലും യാക്കൊബിനെ ഏശാവിന്റെ മേലും തെരഞ്ഞെടുത്തതിനെ അനീതിയായി കാണുകയില്ല. പൗലൊസ് ഈ ഒരു കാര്യത്തിന് ഒരു ഉപസംഹാരമിടുകയാണ്. ദൈവം തന്റെ മുൻതിരഞ്ഞെ ടുപ്പുകളിൽ ന്യായപൂർണ്ണതയുള്ള പ്രവർത്തിയാണ് ചെയ്തതെങ്കിൽ ഇപ്പോൾ അവിശ്വാസികളായ യഹൂദന്മാരെ തള്ളിക്കളഞ്ഞിട്ട് വിശ്വസിക്കുന്ന ജാതികളെ താൻ സ്വീകരിക്കുന്നുവെന്നതാണ്.

**വാക്യം 15.** യിസ്ഹാക്കിന്റെയും യാക്കൊബിന്റെയും തെരെഞ്ഞടുപ്പിനെ തീർത്തതിനുശേഷം പൗലൊസ് യഹൂദ വായനക്കാർക്ക് പരിചയമുള്ള വേറെ രണ്ടു വേദപുസ്തക സംഭവങ്ങളെ കൊണ്ടുവരുന്നു. രണ്ടും ഈജിപ്തിൽ നിന്നുള്ള യിസ്രായേലിന്റെ പലായനമാണ്. ഒന്നാമത്തേതു മോശെയും യിസ്രാ യേലും മരുഭൂമിയിൽ വെച്ചു സംഭവിച്ച കാര്യങ്ങൾ മോശെയോടു പറയുന്നു: **"എനിക്കു (ദൈവത്തിന്) കരുണ തോന്നണമെന്ന് തോന്നുന്നവനോട് കരുണ കാണിക്കും. എനിക്ക് ആർദ്രത വേണ്ടുന്നവനോടു ഞാൻ ആർദ്രതയുള്ളവന**

**ാണ്''**[21] ഈ ഉദ്ധരണി പുറപ്പാട് 33:19-ൽ നിന്നാണ്. ഇത് കർത്താവും മോശെയും തമ്മിലുള്ള ഒരാശയവിനിമയം, കാളക്കുട്ടിയെ വാർത്തുണ്ടാക്കിയ സംഭവവുമായി ബന്ധപ്പെട്ടു നടത്തിയതാണ്. ദൈവത്തിന്റെ വാക്കുകളുടെ അർത്ഥം ''ആർക്കാണെന്റെ കരുണയും, ആർദ്രതയും ലഭിക്കുക എന്നു ഞാൻ തീരുമാനിച്ചുകൊള്ളാം.''

**വാക്യം 16**. ആ ഒരു പ്രസ്താവനയിലൂടെ പൗലൊസ് ഒരു ഉപസംഹാരത്തിലേക്കെത്തുന്നു. **അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല കരുണ തോന്നുന്ന ദൈവത്താലാണ് സകലവും സാധിക്കുന്നത്**. ''ഓടുന്ന മനുഷ്യൻ'' എന്നത് ഗ്രീക്കിൽ നിന്നുള്ള ഒരു സ്വതന്ത്ര പരിഭാഷയാണ്. ഒരു ഓട്ടക്കാരൻ ഓടുവാൻ എടുക്കുന്ന എല്ലാ പരിശ്രമങ്ങളെയും കുറിച്ചാണ് പൗലൊസ് ഇവിടെ പറയുന്നത്. അആ പരിഭാഷയിൽ ''ഓട്ടത്തിനായുള്ള ചുറുചുറുക്കോടെ കഠിനാദ്ധ്വാനം'' ചെയ്യുന്ന ഒരു യുവാവിന്റെ തയ്യാറെടുപ്പാണ് ഉപയോഗിക്കുന്നത്. ഭാവാർത്ഥം ഇങ്ങനെ കാണാം, ''സ്വന്തമായ ഇച്ഛയിൽ ആശ്രയിക്കരുത്; അഥവാ കരുണക്കായി (ഓട്ടത്തിനായി) മുതിരുന്നത്.''

പൗലോസിന്റെ പ്രസ്താവന ഓർമ്മപ്പെടുത്തുന്നത്, ''നമുക്ക് കരുണ കാംക്ഷിക്കുകയും അതിനായി അദ്ധ്വാനിക്കുകയും ചെയ്യാം'' എന്നാണ്. അതു ശരിയാണ് എന്നാൽ പൗലൊസ് സ്ഥാപിക്കുന്നത്, അതിനായി ആഗ്രഹിക്കുന്നു, അതു ലഭിക്കുമെന്ന് പ്രത്യാശ നല്കുന്നില്ല. അഭിവാഞ്ഛയും അദ്ധ്വാനവും കൊണ്ട് ദൈവത്തെ കടക്കാരനാക്കുവാൻ നമുക്ക് സാദ്ധ്യമല്ല. ദൈവത്തിന്റെ കരുണ ആരിൽ ചൊരിയണമെന്ന് തീരുമാനിക്കുവാനുള്ള അധികാരം ദൈവത്തിനുള്ളതാണ്.

മരുഭൂമിയിൽ ആയിരുന്ന യിസ്രായേൽ ഇതിന് നല്ല ഒരു ഉദാഹരണമാണ്. പുറപ്പാട് പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണിയുടെ സന്ദർഭത്തിൽ മോശെ യിസ്രായേലിനുവേണ്ടി ദൈവത്തോട് വാദിയ്ക്കുകയായിരുന്നു. അവരോട് ക്ഷമിക്കണമെ എന്ന് യാചിക്കുകയായിരുന്നു (പുറ. 32:31, 32). തുടർന്നും അവരോടുകൂടെ ഇരിക്കണമേ എന്ന് അപേക്ഷിക്കുകയായിരുന്നു (പുറ. 33:15). കരുണ ലഭിക്കുവാൻ അവർ യോഗ്യരായിരുന്നുവോ? ഇല്ല. എന്നാൽ ആ സന്ദർഭത്തിൽ അവരോട് കരുണ കാണിക്കണമെന്ന് ദൈവം തീരുമാനിച്ചു. പൗലൊസിന്റെ വായനക്കാർ ദൈവം അവരുടെ പൂർവ്വികരോട് ചെയ്തത് ഭംഗിയായി എന്ന് വിശ്വസിക്കുമോ? നിശ്ചയമായും എന്തു ചെയ്യണമെന്നു തീരുമാനിയ്ക്കുവാൻ ദൈവത്തിന് പരമാധികാരം ഉണ്ടായിരുന്നുവോ? നിശ്ചയമായും ഉണ്ടായിരുന്നു.

**വാക്യം 17**. പുറപ്പാടു പുസ്തകത്തിലെ സംഭവങ്ങൾക്കു പിന്നിലേക്ക് പൗലൊസ് പോകുന്നു.[22] **തിരുവെഴുത്ത് ഫറവോനോട് ഇതിനായിട്ടു തന്നെ ഞാൻ നിന്നെ നിർത്തിയിരിക്കുന്നത് നിന്നിൽ എന്റെ ശക്തി കാണിക്കേണ്ടതിനും എന്റെ നാമം സർവ്വഭൂമിയിലും വെളിപ്പെടേണ്ടതിനും തന്നെ.** ഈ ഉദ്ധരണി പുറപ്പാട് 9-ൽ നിന്നാണ്. ആറാമത്തെ ബാധക്കും ഏഴാമത്തെ ബാധക്കുമിടയിൽ (പരു, കല്മഴ) മോശെ ഫറവോനോട് ഒരു സന്ദേശം അറിയിക്കുവാൻ ദൈവം ആവശ്യപ്പെട്ടു. ''ഈ കാരണത്താൽ ഞാൻ നിന്നെ നശിപ്പിക്കാതെ വച്ചിരിക്കുന്നു. നിന്നിൽ എന്റെ ശക്തി കാണിക്കേണ്ടതിനും എന്റെ നാമം ഭൂമിയിലൊക്കെയും പ്രസ്താവിക്കപ്പെടേണ്ടതിനും തന്നെ'' (പുറ. 9:16).

എൻഎഎസ്ബിയിൽ പറയുന്ന പ്രകാരം, പുറപ്പാടിലെ വാക്യത്തിനും പൗലൊസ് അതുദ്ധരിച്ചതിനും തമ്മിൽ ഒരു ചെറിയ വ്യത്യാസം ഉണ്ട്. പൗലൊസ്

പറയുന്നു, ‘‘ഈ കാര്യത്തിനായി ഞാൻ നിന്നെ (ഒരു രാജാവായി) ഉയർത്തിയിരിക്കുന്നു.’’[23] പഴയനിയമ വാക്യങ്ങളിൽ ഈ കാരണത്തിനായി ഞാൻ നിന്നെ രാജാവായി നിർത്തിയിരിക്കുന്നു എന്നാണ്. ‘‘രാജാവായി നിർത്തിയിരിക്കുന്നു’’ എന്ന വാക്യാംശം പുറപ്പാട് 9:16ൽ എബ്രായ വാക്കായ עָמַד (‘*amad*) ൽ നിന്നാണ്. അതിന്റെ അക്ഷരികമായ അർത്ഥം ‘‘നിൽക്കുക’’ എന്നാണ്. (ASV കാണുക). തർജ്ജമകൾ ഞാൻ നിന്നെ ‘‘ഉയർത്തിരിക്കുന്നത്’’ എന്നാണ് (NKJV; NIV; ESV), എല്ലാം പൗലോസിന്റെ ഉദ്ധരണിയോട് യോജിക്കുന്നു (വാക്യം 17). ദൈവം ഫറവോനെ ഉയർത്തി എന്നു പറഞ്ഞാലും രാജാവായി നിർത്തിയിരിക്കുന്നു എന്നു പറഞ്ഞാലും ദൈവം സകല ജാതികളെയും നിയന്ത്രിക്കുന്നു എന്ന കാര്യം ശക്തിപ്പെടുത്തി പറഞ്ഞിരിക്കുകയാണ്.

ഫറവോൻ എങ്ങനെ പ്രതികരിച്ചാലും ദൈവത്തിന്റെ ഉദ്ദേശം നിറവേറുക തന്നെ ചെയ്യുമായിരുന്നു. ‘‘എന്റെ ജനത്തെ വിട്ടയയ്ക്കുക’’ എന്ന ദൈവത്തിന്റെ ആജ്ഞയായിരുന്നുവല്ലോ അവന്റെ മുമ്പിൽ വന്നത് (പുറപ്പാട് 5:1). അത് ഫറവോൻ അനുസരിച്ചിരുന്നു എങ്കിൽ മിസ്രയീമിലെ ശക്തനായ രാജാവ് യിസ്രായേല്യരുടെ ദൈവത്തിനു കീഴ്പെട്ടു എന്ന വാർത്ത പ്രചരിക്കുമായിരുന്നു. അതിന്റെ ഫലമായി ഭൂലോകമെങ്ങും ദൈവത്തിന്റെ ശക്തി വെളിപ്പെടുകയും അവന്റെ നാമം ഭൂമിയിലൊക്കെയും പ്രസ്താവിക്കപ്പെടുകയും ചെയ്യുമായിരുന്നു. പക്ഷേ ഫറവോൻ ദൈവകല്പനയെ നിരസിച്ചു. തത്ഫലമായി പത്തു ബാധകൾ സംഭവിക്കുകയും അതിനുശേഷമായി യിസ്രായേൽ മക്കളുടെ മിസ്രയീമിൽ നിന്നുള്ള പുറപ്പാടു സംഭവിക്കുകയും ചെങ്കടൽ കടന്നപ്പോൾ ഫറവോന്റെ സൈന്യം പൂർണ്ണമായി നശിക്കുകയും ചെയ്തു. ആ വിവരം എല്ലായിടത്തും പരന്നു (യോശു. 2:10, 11; 9:9; 1 ശമു. 4:8).

**വാക്യം 18**. ഇനിയും ഇതിന്റെ ചുരുക്കമായ സംഗ്രഹ പ്രസ്താവന നടത്തുകയാണ് പൗലോസ്, ദൈവത്തിന്റെ പ്രവൃത്തികളെക്കുറിച്ച് (9:15, 16, 17 കാണുക). **അങ്ങനെ തനിക്കു മനസ്സുള്ളവനോട് അവനു കരുണ തോന്നുന്നു. തനിക്കു മനസ്സുള്ളവരെ അവൻ കഠിനനാക്കുന്നു**. ഒരു യഹൂദനോട് ‘‘നിങ്ങളുടെ പൂർവ്വികരോട് ദൈവം കരുണകാണിച്ചത് നീതിയായിരുന്നോ?’’ എന്നു ചോദിച്ചാൽ നിശ്ചയമായും ‘‘ആയിരുന്നു!’’ എന്നു പറയും. ദൈവം ഫറവോന്റെ ഹൃദയം കഠിനമാക്കിയത് ന്യായമായിരുന്നോ എന്നു ചോദിച്ചാൽ നിശ്ചയമായും ‘‘ന്യായമായിരുന്നു’’ എന്നു പറയും. ഇങ്ങനെ പൗലൊസ് ദൈവത്തിന്റെ പരമാധികാരം ഉറപ്പിക്കുകയാണ്. ദൈവം ചിലരെ സ്വീകരിക്കുകയും ചിലരെ തിരസ്ക്കരിക്കുകയും ചെയ്യുമ്പോൾ ഇതുതന്നെയാണ് വർഷങ്ങളായി ദൈവം ചെയ്തുവരുന്നത്. *എക്കാലത്തും* ദൈവം ചിലരെ സ്വീകരിക്കുകയും ചിലരെ തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്.

ദൈവം ഫറവോനോട് എങ്ങനെയൊക്കെ ഇടപെട്ടു എന്നു പൗലൊസ് വിശദീകരിക്കുന്നില്ല. എല്ലാ സ്ക്കൂൾ കുട്ടികൾക്കും യഹൂദന്മാരുടെ ഇടയിൽ പരിചയമുള്ള വിഷയമാണിത്. അവർ അറിയണമെന്ന് പൗലൊസ് ആഗ്രഹിച്ചത് ഫറവോന്റെ ഹൃദയ കാഠിന്യത്തെക്കുറിച്ചാണ്. കഠിന ഹൃദയം എന്നാൽ അവിശ്വാസമുള്ളതും വഴങ്ങാത്തതും കീഴ്പെടാത്തതുമായ ഹൃദയമാണ്. മൂ വിവരിക്കുന്നത്, ദൈവത്തോടും അവന്റെ വചനത്തോടും അവന്റെ വേലയോടും ഉള്ള അചേതനമായ അവസ്ഥ എന്നാണ്.[24]

*എങ്ങനെ*യാണ് ദൈവം ഫറവോന്റെ ഹൃദയം കഠിനപ്പെടുത്തിയതെന്നുള്ളതിനെക്കുറിച്ച് ചർച്ചചെയ്യുവാൻ മണിക്കൂറുകൾ ആളുകൾ ചെലവാക്കി

യിട്ടുണ്ട്. പത്തു ബാധകളെക്കുറിച്ചു വായിക്കുമ്പോൾ ഫറവോന്റെ ഹൃദയം എങ്ങനെ കഠിനപ്പെടുത്തിയെന്നാണ്? ചിലപ്പോൾ ദൈവം അവന്റെ ഹൃദയം കഠിനപ്പെടുത്തി എന്നും (പുറ. 9:12; 10:1, 20, 27; 11:10; 14:8), ചിലപ്പോൾ ഫറവോൻ തന്റെ സ്വന്തം ഹൃദയം കഠിനമാക്കി എന്നും എഴുതിയിട്ടുണ്ട് (പുറ. 7:13, 14, 22; 8:15, 19, 32; 9:7, 34, 35). പല എഴുത്തുകാരും ദൈവം ഫറവോന്റെ ഹൃദയം നേരിട്ടല്ലാതെ മോശെയുടെ വാക്കുകളിൽകൂടി "മോശെയുടെ ഹൃദയം കഠിനമാക്കി" എന്ന് പറയുന്നു. "എന്റെ ജനത്തെ വിട്ടയയ്ക്കുക" എന്ന ദൈവത്തിന്റെ ആജ്ഞ ശ്രദ്ധിക്കാതെ തള്ളിക്കളഞ്ഞു. മോറിസ് പറയുന്നത്, "ഇവിടെയോ എവിടെങ്കിലുമോ ദൈവം ആരുടെയെങ്കിലും ഹൃദയം ആദ്യം അവർ തനിയെ കഠിനമാക്കാത്തവരുടെ ഹൃദയം കഠിനപ്പെടുത്തിയതായി കേട്ടിട്ടില്ല എന്നാണ്."[25]

ഇക്കാലത്ത് ദൈവം എങ്ങനെയാണ് ഫറവോന്റെ ഹൃദയം കഠിനമാക്കിയത് എന്ന വിഷയത്തിൽ ചർച്ച നടത്തുമ്പോൾ തന്റെ യഹൂദവായനക്കാർക്ക് എതിരഭിപ്രായമുള്ള ഒരു പ്രശ്നം അവതരിപ്പിക്കുവാൻ ശ്രമിക്കുന്നില്ല. ദൈവം ആദ്യം ഫറവോന്റെ ഹൃദയം കഠിനപ്പെടുത്തി. പിന്നീട് അവനോട് സഹതാപം തോന്നി. എന്നാൽ യഹൂദന്മാർക്ക് ഫറവോനോട് ഒരു സഹതാപവും ഇല്ലായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ദൈവത്തിന് തന്റെ ഇഷ്ടംപോലെ പ്രവർത്തിപ്പാൻ അവകാശമുണ്ട്, ഈ എതിരാളിയായ ഭരണകർത്താവിനോടും.

### ദൈവം തന്റെ ആളത്വത്തിൽ സുസ്ഥിരനാണ് (9:19-21)

**[19]ആകയാൽ അവൻ പിന്നെ കുറ്റം പറയുന്നത് എന്ത്? ആർ അവന്റെ ഇഷ്ടത്തോട് എതിർത്തുനില്ക്കുന്നു എന്ന് നീ എന്നോട് ചോദിക്കും. [20]അയ്യോ മനുഷ്യാ ദൈവത്തോടു പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നത് മനഞ്ഞവനോട് നീ എന്നെ ഇങ്ങനെ ചമച്ചത് എന്ത് എന്നു ചോദിക്കുമോ? [21]അല്ലാ കുശവന് അതേ പിണ്ഡത്തിൽ നിന്ന് ഒരു പാത്രം മാനത്തിനും മറ്റൊരു പാത്രം അപമാനത്തിനും ഉണ്ടാക്കുവാൻ മണ്ണിന്മേൽ അധികാരം ഇല്ലയോ?**

ദൈവത്തിന്റെ പ്രവർത്തനരീതിയുടെ സ്ഥിരത ഉറപ്പിച്ചു പറഞ്ഞ ശേഷം (9:14–18) പൗലൊസ് പഠിപ്പിച്ചത് ദൈവത്തിന്റെ സ്ഥിരതയിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത് (9:19–21). അതിന്റെയർത്ഥം ദൈവത്തിന്റെ തെരഞ്ഞെടുപ്പുകൾ അവന്റെ സ്വഭാവത്തിന് അനുരൂപമായതാണ്. അവൻ ആർ എന്നതനുസരിച്ചാണ്.

**വാക്യം 19.** ഇവിടെ പൗലൊസ് തന്റെ ചിന്ത ഒരു വാഗ്വാദത്തിൽകൂടെ അവതരിപ്പിക്കുന്നതു ഒരു എതിർ വാദം പ്രതീക്ഷിച്ചുകൊണ്ടാണ്. **"ആർ അവന്റെ ഇഷ്ടത്തോട് മറുത്തു നില്ക്കുന്നു?" എന്ന് നീ എന്നോട് ചോദിക്കും.** ഈ വാക്യത്തിലെ സാങ്കല്പിക എതിരാളി ഒരു യഹൂദനല്ല. ഇതുവരെ 7-ാം വാക്യത്തിന്റെ മദ്ധ്യം വരെ പൗലൊസിന്റെ വാദം ഒരു യഹൂദന് വിസമ്മതിയ്ക്കാവുന്നതായിരുന്നില്ല. അതുകൊണ്ട് നാം 19-ാം വാക്യത്തിൽ വരുമ്പോൾ പൗലൊസ് തന്റെ കൂട്ടു യഹൂദന്മാരോട് ചേർന്നു നിന്നു പറയുകയാണ്. ഇവിടെ സാങ്കല്പിക എതിരാളി ഒരു പുറമേ നിന്നുള്ള ആൾ "മനുഷ്യാ" എന്ന് അവനെ വിളിക്കുന്നു. 20-ാം വാക്യത്തിൽ ഈ വ്യക്തിയുടെ ആവലാതി

തന്നിട്ടുണ്ട്. "ദൈവത്തിന് കരുണ തോന്നുന്നവനോട് കരുണ കാണിക്കയും കഠിനനാക്കണമെന്നുള്ളവനെ കഠിനനാക്കുകയും (9:18 കാണുക) ചെയ്യാമെങ്കിൽ അവനെ കുറ്റം പറയുന്നതെന്തിന്? അവന്റെ ഇഷ്ടത്തോട് മറുത്തു നിൽപ്പാൻ ആർക്കു കഴിയും?"

ഇതുപോലെയുള്ള ചോദ്യങ്ങളാണ് ദൈവീകമായ മുന്നറിവിന്റെ കേന്ദ്രത്തിലുള്ളത്. ഒരാൾ ഒരു കാര്യം ചെയ്യുമെന്ന് ദൈവം മുന്നമേ അറിയുകയും ചില സമയത്ത് മുന്നമേ പറയുകയും ചെയ്യുമെങ്കിൽ എന്തുകൊണ്ടാണ് ദൈവം ആ വ്യക്തിയെ ആ പ്രവർത്തനത്തിന്റെ ഉത്തരവാദിയാക്കുന്നത്? ദൈവത്തിന്റെ ഇഷ്ടത്തോട് മറുത്തു നില്പാൻ ആർക്കു കഴിയും? 19-ാം വാക്യത്തിലെ ചോദ്യങ്ങൾ നാം വായിക്കുമ്പോൾ പൗലൊസ് അതിന് എന്തു മറുപടിയാണ് കൊടുത്തതെന്നറിയുവാൻ നാം വളരെ തിടുക്കമുള്ളവരാണ്.

**വാകൃങ്ങൾ 20, 21.** നാം പ്രതീക്ഷിയ്ക്കുന്നതുപോലെയല്ല പൗലൊസ് മറുപടി പറഞ്ഞത്. ദൈവത്തിന്റെ പരമാധികാരത്തെയും മനുഷ്യന്റെ ഇച്ഛാസ്വാതന്ത്ര്യത്തെയും കുറിച്ച് ദീർഘമായ ചർച്ചയൊന്നും പൗലൊസ് ചെയ്യുന്നില്ല. അതിനു പകരം തന്റെ അടിസ്ഥാനപരമായ മറുപടി ദൈവം മനുഷ്യരോട് ഉത്തരവാദിയല്ല. മനുഷ്യനു മറുപടി കൊടുക്കേണ്ട ആവശ്യം ദൈവത്തിനില്ല എന്നാണ്. എന്തെന്നാൽ അവൻ ദൈവമാണ്!

പൗലൊസ് പറഞ്ഞു. **അയ്യോ മനുഷ്യാ ദൈവത്തോടു പ്രത്യുത്തരം പറയുന്ന നീ ആര്?** ഈ ചോദ്യത്തിൽ രണ്ടു പദങ്ങൾ വിരുദ്ധമായി കാണിച്ചിട്ടുണ്ട്. മനുഷ്യൻ, മിവേ്യീറ്റീ[26] ദൈവം. ഒരു വശത്ത്, അപൂർണ്ണനും, പരിമിതയുള്ളവനും, അല്പനും, അജ്ഞാനിയുമായ മനുഷ്യൻ. മറുവശത്ത് സംപൂർണ്ണനും, അപരിമേയനും, സർവ്വശക്തനും, സർവ്വജ്ഞാനിയും ആയ ദൈവമാണുള്ളത്. ഈ വൈരുദ്ധ്യം ഇഖആ യിൽ പ്രത്യേകം എടുത്തു കാണിച്ചിട്ടുണ്ട്. 20-ാം വാക്യത്തിന്റെ ആദ്യഭാഗം തർജ്ജമ ചെയ്തിരിക്കുന്നത് ഇങ്ങനെയാണ്. ഒരു വെറും മനുഷ്യജീവിയായ നീ ദൈവത്തോട് എതിർത്തു സംസാരിക്കുന്നുവോ?

മനുഷ്യൻ ദൈവത്തോട് എതിർത്തു പറയുന്നു. തന്റെ ഭോഷത്തരം കാണിയ്ക്കുവാൻ പൗലൊസ് ഒരു സാദൃശ്യം ഉപയോഗിക്കുന്നു. ഒരു കുശവനെയും അവന്റെ കളിമണ്ണിനെയും (യെശയ്യാ 29:16; 45:9; 64:8; യിരമ്യ. 18:6 കാണുക). അപ്പൊസ്തലൻ ഇങ്ങനെ പറഞ്ഞു, **മെനഞ്ഞിരിക്കുന്നതു മെനഞ്ഞവനോട് നീ എന്നെ ഇങ്ങനെ ചമച്ചത് എന്ത് എന്നു ചോദിക്കുമോ? അല്ല കുശവന് അതേ പിണ്ഡത്തിൽ നിന്ന് ഒരു പാത്രം മാനത്തിനും മറ്റൊരു പാത്രം അപമാനത്തിനും ഉണ്ടാക്കുവാൻ മണ്ണിന്മേൽ അധികാരം ഇല്ലയോ?**

വേദപുസ്തക കാലഘട്ടങ്ങളിൽ ഒരു കുശവനെ അവന്റെ ചക്രത്തോടുകൂടെ കാണുന്നത് ഒരു സാധാരണ കാഴ്ച ആയിരുന്നു. കുശവൻ കുറെ കളിമണ്ണു കുഴച്ചെടുത്ത് അവന്റെ ചക്രത്തിന്റെ നടുവിൽ വയ്ക്കുന്നു. ചക്രം വട്ടത്തിൽ കറക്കുന്നു. പിന്നീട് ആ കളിമണ്ണ് ഒരു പാത്രമായി രൂപപ്പെടുത്തുന്നു. അതൊരു മാന്യമായ കാര്യത്തിനായിരിക്കാം. ഒരു ഭംഗിയുള്ള പൂപാത്രം ആയിരിക്കാം (ജവശഹഹശു), അല്ലെങ്കിൽ സാധാരണ ഉപയോഗത്തിനുള്ള ഒരു പാത്രമായിരിക്കാം. അല്ലെങ്കിൽ ചപ്പും ചവറും ഇടുന്നതിനുള്ള ഒരു പാത്രമായിരിക്കാം (ചഘഥ). ഗ്രീക്കു ബൈബിളിൽ മാന്യവും ഹീനവും എന്നാണ്. ദൈവത്തിന്റെ പ്രത്യേക ജനമായിരുന്ന യിസ്രായേൽ മാനപാത്രമായിരുന്നിരിക്കാം (9:4, 5). ഫറവോൻ ഹീന പാത്രത്തിനുദാഹരണമാ

യിരുന്നിരിക്കാം. പൗലൊസ് പറയുകയാണ്, കുശവന് കളിമണ്ണിന്റെ മേൽ നിയന്ത്രണാധികാരമുണ്ട്. ചപ്പുകുപ്പയും ഇടുന്നതിനുള്ള പാത്രങ്ങളൊന്നും ഇതുവരെ ആവലാതിപ്പെട്ടിട്ടില്ല എന്തുകൊണ്ടാണ് എന്നെ ഒരു ഭംഗിയുള്ള പൂപ്പാത്രമായി ഉണ്ടാക്കാഞ്ഞതെന്ന്.

എല്ലാ സാദൃശ്യങ്ങളെയും പോലെ ഇതും അധികം മുന്നോട്ട് വ്യാഖ്യാനിയ്ക്കരുത്. ഒന്നാമതായി ആളുകൾ വെറും ജീവനില്ലാത്ത കളിമണ്ണല്ല. അവർക്ക് ദൈവത്തോടെതിർക്കുവാൻ കഴിയും. ദൈവം അവരെ ഉണ്ടാക്കിയതിനെക്കുറിച്ച് അവർ ആവലാതിപ്പെടാറുണ്ട്. ''എന്താണ് എനിക്ക് ഉയരം കുറവായല്ലോ, ഉയരം കൂടിപോയല്ലോ, ചെറുതാണ്, വലുതാണ് എന്നൊക്കെ.'' രണ്ടാമത്, ''കളിമണ്ണിന്റെ'' സ്വഭാവമനുസരിച്ചാണ് അതിനെ ഏതുതരം പാത്രമാക്കുവാൻ സാധിയ്ക്കുന്നതെന്ന് നിശ്ചയിക്കുന്നത് (യിരെ 18:1-10, 2 തിമോ. 2:20, 21; കാണുക). ഫറവോനെ സംബന്ധിച്ച് അതായിരുന്നു ശരി. പൗലൊസിന്റെ ചിന്ത വിലപ്പെട്ടതാണ്. ദൈവം ദൈവമാണ് തനിക്കിഷ്ടമുള്ളതൊക്കെയും ചെയ്വാൻ അവന് അവകാശമുണ്ട്.

പൗലൊസ് 19-ാം വാക്യത്തിലെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ വേണ്ടത്ര ശ്രമിക്കുന്നില്ലല്ലോ എന്ന് നമ്മിൽ ചിലർക്ക് നിരാശ തോന്നിയേക്കാം. എന്നാൽ നാം മനസ്സിലാക്കേണ്ടത് പൗലൊസ് യഹൂദന്മാരെ പ്രത്യേകം ഉദ്ദേശിച്ച് ഒരു വാദഗതി തെരഞ്ഞെടുക്കുകയായിരുന്നു. യഹൂദൻ അല്ലാത്ത ഒരുവൻ ദൈവം യിസ്ഹാക്കിനെ യിശ്മായേലിനുപകരമായി തെരെഞ്ഞെടുത്തതും ന്യായമായില്ല എന്നു പറയുമോ? അതിനു മറുപടിയായി ഒരു യഹൂദൻ ''നിങ്ങൾ എന്താണ് പറയുന്നതെന്ന് അറിയുന്നില്ലേ? ദൈവത്തെ ചോദ്യം ചെയ്യുവാൻ നിങ്ങൾക്കെന്ത് അധികാരം?'' പൗലൊസ് നിശ്ചയമായും ഇങ്ങനെ പ്രതീക്ഷിച്ചിരിക്കണം. യഹൂദനല്ലാത്ത ഒരുവന് ദൈവത്തെ ചോദ്യം ചെയ്വാൻ (തന്റെ തെരഞ്ഞെടുപ്പിനെക്കുറിച്ച്) അവകാശം ഇല്ലെങ്കിൽ ഒരു യഹൂദനും ദൈവം വിശ്വാസികളെ തെരഞ്ഞെടുക്കുകയും അവിശ്വാസികളെ തിരസ്ക്കരിക്കുകയും ചെയ്യുന്നതിനെ ചോദ്യം ചെയ്യുവാൻ അവകാശമില്ല.

''ദൈവം ചെയ്യുന്നത് ശരിയായതാണോ?'' എന്ന ചോദ്യത്തിന് നാം പൗലൊസിന്റെ രണ്ടാമത്തെ വിഷയം ഇങ്ങനെ മനസ്സിലാക്കണം. ''ദൈവം ദൈവമായതുകൊണ്ട് ന്യായം തന്നെയാണ്. ദൈവം എന്തുതന്നെ ചെയ്താലും അവന്റെ സ്വഭാവത്തിന് ചേർന്നതു തന്നെയാണ്, സുസ്ഥിരമായതാണ്.'' നിങ്ങളും ഞാനും അതു മനസ്സിലാക്കിയില്ലെന്നു വരും. *എന്തുകൊണ്ട്* ദൈവം ഒരു കാര്യം അങ്ങനെ ചെയ്തത്?. (നാം വെറും മനുഷ്യ ജീവികളാണ്) ദൈവം ശരിയായതു മാത്രമെ ചെയ്യുകയുള്ളൂ എന്ന് നമുക്കുറപ്പിക്കാം. അബ്രാഹാം പറഞ്ഞതുപോലെ ''സർവ്വഭൂമിക്കും ന്യായാധിപതിയായവൻ നീതി പ്രവർത്തിക്കാതിരിക്കുമോ?'' (ഉല്പത്തി. 18:25).

### ദൈവോദ്ദേശത്തിന് ചേരുന്ന വിധം (9:22-29)

**[22]എന്നാൽ ദൈവം തന്റെ കോപം കാണിപ്പാനും ശക്തി വെളിപ്പെടുത്തുവാനും യഹൂദന്മാരിൽ നിന്നും മാത്രമല്ല. [23]ജാതികളിൽനിന്നും വിളിച്ച് തേജസ്സിനായി മുന്നൊരുക്കിയ കരുണാപാത്രങ്ങളായ നമ്മിൽ തന്റെ തേജസ്സിന്റെ ധനം വെളിപ്പെടുത്തുവാനും ഇച്ഛിച്ചിട്ട് നാശയോഗ്യമായ കോപപാത്രങ്ങളെ ക്ഷമയോടെ സഹിച്ചുവെങ്കിൽ എന്ത്? [24]എന്റെ ജനം അല്ലാത്തവരെ എന്റെ ജനം എന്നും പ്രിയ അല്ലാത്തവരെ പ്രിയ എന്നും ഞാൻ വിളിക്കും.**

**[25]നിങ്ങൾ എന്റെ ജനമല്ല എന്ന് അവരോടു,**
**പറഞ്ഞ ഇടത്തിൽ അവർ ജീവനുള്ള ദൈവത്തിന്റെ**
**മക്കൾ എന്ന് വിളിക്കപ്പെടും എന്ന് ഹോശേയ പുസ്തകത്തിലും അരു ളിചെയ്യുന്നുവല്ലോ. യെശയ്യാവോ യിസ്രായേലിനെകുറിച്ച്,**
**[26]യിസ്രായേൽ മക്കളുടെ എണ്ണം കടൽക്കരയിലെ മണൽ പോലെ ആയി രുന്നാലും ഒരു ശേഷിപ്പത്രേ രക്ഷിക്കപ്പെട്ടു.**
**[27]കർത്താവു ഭൂമിയിൽ തന്റെ വചനം നിവർത്തിച്ച് ക്ഷണത്തിൽ തീർക്കും എന്ന് വിളിച്ചു പറയുന്നു.**
**[28]സൈന്യങ്ങളുടെ കർത്താവ് നമുക്ക് സന്തതിയെ ശേഷിപ്പിച്ചില്ലെങ്കിൽ നാംസൊദോമെപ്പോലെ ആകുമായിരുന്നു.**
**[29]ഗൊമോ റക്കു സദൃശമാകുമായിരുന്നു എന്ന് യെശയ്യാവോ മുമ്പുകൂട്ടി പറഞ്ഞിരി ക്കുന്നുവല്ലോ.**

ദൈവത്തിന് ചിലരെ തെരഞ്ഞെടുക്കുവാനും വേറെ ചിലരെ തള്ളിക്കളയു വാനും അവകാശമുണ്ടെന്നുള്ള കാര്യം സ്ഥാപിച്ചശേഷം പൗലൊസ് ദൈവം തന്നിൽ വിശ്വസിക്കുന്നവരെ (യഹൂദനായാലും, ജാതികളിൽ പെട്ടവനായാ ലും) വിശ്വാസികളുടെയിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന വിഷയത്തിലേക്ക് തിരിയുന്നു. 22-ാം വാക്യം മുതൽ 29-ാം വാക്യം വരെ. ഇവിടെ പൗലൊസ് ദൈവത്തിന്റെ പ്രവർത്തി നീതിയുള്ളത് എന്ന് തെളിയിക്കുന്നു. പ്രത്യേകമായി ഊന്നിപ്പറ-യുന്നത് ദൈവത്തിന്റെ തെരഞ്ഞെടുപ്പുകൾ നീതിയുള്ളതായത് അവന്റെ ഉദ്ദേശങ്ങൾ സ്ഥിരമായവയായതുകൊണ്ടാണ് എന്നത്രെ. അവന്റെ ഉദ്ദേശം പഴയനിയമ പ്രവാചകന്മാരാൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളവയാണ്.

**വാക്യം 22**. ഗ്രീക്കു പുതിയനിയമത്തിൽ 22–24 വരെ ഒരു ഒറ്റ വാചകമാണ് (ഗഖഡകാണുക). അവിടെ പദങ്ങൾ സങ്കീർണ്ണവും തെളിവു കുറഞ്ഞതുമാ ണ്. എങ്കിലും അതിലെ സന്ദേശം വ്യക്തിപരമാണ്.

22–ാം വാക്യം ശരിയായി മനസ്സിലാക്കുന്നതിന് വാക്യം രണ്ടായി ഭാഗി ക്കാം. ഒന്നാം ഭാഗം പറയുന്നത്, **ദൈവം തന്റെ കോപം കാണിപ്പാനും ശക്തി വെളിപ്പെടുത്തുവാനും ഇച്ഛിച്ചു** എന്നാണ്. സാന്ദർഭികമായി, അത് ദൈവം ഫറവോനോട് ചെയ്തതിനെ സൂചിപ്പിക്കുന്നു (9:17). മാത്രമല്ല ഒരു പൊതു വായ സത്യം കൂടെ പ്രസ്താവിക്കുന്നു. അവസാനം ദൈവത്തിന്റെ ശക്തി വെളിപ്പെടും (1:18 കാണുക).

രണ്ടാമത്, ന്യായവിധി ഉണ്ടാകുമെങ്കിലും **ദൈവം നാശയോഗ്യമായ കോപ പാത്രങ്ങളെ വളരെ ദീർഘക്ഷമയോടെ സഹിച്ചു.**[27] ഇവിടെ കുശവന്റെയും കളി മണ്ണിന്റെയും സാദൃശ്യം തുടർന്നും ഉപയോഗിക്കുന്നുണ്ട്. എങ്കിലും വേറെ ഒരു ഉദ്ദേശത്തിനായിട്ടാണ്. നശിപ്പിയ്ക്കാനുണ്ടാക്കിയ ഒരു പാത്രത്തിന്റെ ഉദാഹരണ മായിരുന്നു ഫറവോൻ. ദൈവം വീണ്ടും വീണ്ടും ഫറവോന് മനസ്സുതിരിയുന്ന തിനും യിസ്രായേലിനെ വിടുന്നതിനും അവസരങ്ങൾ കൊടുത്തുകൊണ്ടിരുന്നു. വേറൊരു ഉദാഹരണം മരുഭൂമിയിലെ യിസ്രായേൽ ആണ്. ദൈവം അവരെ വളരെ ദീർഘക്ഷമയോടെ സഹിച്ചില്ലായിരുന്നു എങ്കിൽ ഒരു ജാതിയായി അവരെ തുടച്ചു നീക്കിയേനേ. അതെ തത്വം തന്നെ പഴയനിയമ കാലത്തിലെ ദുഷ്ടന്മാരും അഭ ക്തരുമായ ജാതികളുടെ വിഷയത്തിലും ഉപയോഗിക്കാം. നമ്മുടെ കാര്യത്തിലും ആ തത്വം പ്രയോഗിക്കാം. ദൈവം നാശയോഗ്യമായ കോപപാത്രങ്ങളെ ദീർഘ ക്ഷമയോടെ സഹിക്കുന്നു. എന്തുകൊണ്ട്? അനുതപിക്കുവാൻ നമുക്ക് ധാരാളം അവസരങ്ങൾ തന്നുകൊണ്ട് (2:4 കാണുക). പത്രൊസ് എഴുതി ''ആരും നശിച്ചു

പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ'' (2 പത്രൊ. 3:9). ദൈവം തന്റെ കോപം പകരുന്നതിനേക്കാൾ അധികമായി തന്റെ കൃപ പകരുന്നുവെന്നു.

ഇതെല്ലാം മനസ്സിൽ വച്ചുകൊണ്ട് 22-ാം വാക്യത്തിലെ ചോദ്യവും നാം ആരംഭിച്ച ചോദ്യവും തമ്മിൽ ബന്ധിപ്പിക്കാം. 14-ാം വാക്യത്തിൽ ''ദൈവം ചെയ്യുന്നത് ന്യായമാണോ?'' (''അതോ അനീതിയാണോ?": ചഇഢ) എന്നായിരുന്നുവല്ലോ 14-ാം വാക്യത്തിലെ ചോദ്യം. 22-ാം വാക്യത്തിൽ പൗലൊസ് ഫലത്തിൽ ഇങ്ങനെ ചോദിച്ചു. ''ദൈവം ന്യായമുള്ളവൻ എന്ന് വെളിപ്പെടുത്തുന്നില്ലേ?'' ''നിശ്ചയമായും വെളിപ്പെടുത്തുന്നു!''

**വാക്യങ്ങൾ 23, 24.** പൗലൊസ് തുടരുന്നു. **ദൈവം അങ്ങനെ ചെയ്തു** (നശിച്ചു പോകുന്നവരെക്കുറിച്ച് ദീർഘക്ഷമയുള്ളവനായിരുന്നു). **കരുണാപാത്രങ്ങളുടെ മേൽ തേജസ്സ് വെളിപ്പെടുത്തുവാൻ ഇച്ഛിച്ചു**. ഈ വിവരണം നമ്മെ ഓർപ്പിക്കുന്നത് യിസ്രായേൽ മക്കളുടെ പുറപ്പാടിന്റെ കഥയും സീനായ് പർവ്വതത്തിങ്കൽ അവരെ കൃപയാൽ നാശത്തിൽ നിന്ന് രക്ഷിച്ചതും ആണ് (9:15, 18മ). ആ സന്ദർഭത്തിൽ ദൈവം ചെയ്തതു അവന്റെ ധാരാളമായ കരുണയുടെ ധനം.

എത്രയധികമാണ് എന്നത്രെ നമുക്കു മനസ്സിലാക്കി തരുന്നത്. ഫറവോന്റെയും യിസ്രായേല്യരുടെയും ഉദാഹരണങ്ങളിൽ നിന്നും വിട്ട് ചർച്ചചെയ്തുകൊണ്ടിരിക്കുന്ന വിഷയത്തിലേക്ക് പോകുന്നു. കരുണാ പാത്രങ്ങളെ പരാമർശിച്ച ശേഷം വീണ്ടും പറയുന്നു. **ജാതികളിൽ നിന്നും വിളിച്ച് തേജസ്സിനായി മുന്നൊരുക്കിയ കരുണാപാത്രങ്ങളായ നമ്മിൽ** എന്ന് ''മുന്നൊരുക്കിയ'' ''വിളിച്ച്'' എന്ന പ്രയോഗങ്ങൾ ദൈവം മുന്നറിഞ്ഞ മുൻ നിർണ്ണയിച്ച എന്നു പറയുന്നതിനു പകരമുപയോഗിച്ചിരിക്കുകയാണ് (8:29, 30). വേറെ വാക്കിൽ പറഞ്ഞാൽ ''കൃപയാൽ രക്ഷിക്കപ്പെട്ടവർ.''

അവൻ വിളിച്ച നാം എന്ന് പറഞ്ഞ ശേഷം പൗലൊസ് വൈരുദ്ധ്യത്തിന്റെ മദ്ധ്യേ നിന്ന് **യഹൂദന്മാരിൽ നിന്നു മാത്രമല്ല, ജാതികളിൽ നിന്നും കൂടെ** എന്നു പറയുന്നു. യഹൂദന്മാർക്ക് അനേകം യഹൂദന്മാരെ തള്ളി എന്നു പറയുന്നത് വളരെയധികം വിഷമമുണ്ടാക്കുന്നതാണ്. അതിനോടുകൂടെ വിഷമം വർദ്ധിപ്പിക്കുന്നതാണ് ധാരാളം ജാതികളെ സ്വീകരിക്കുകയും ചെയ്തു എന്നുള്ളത്. യഥാർത്ഥത്തിൽ യഹൂദന്മാരെക്കാൾ വളരെ കൂടുതൽ ജാതികളെ സ്വീകരിച്ചിരുന്നു.[28] ദൈവം നേരത്തെ യഹൂദന്മാരോട് ചെയ്തത് ഉടമ്പടി പ്രകാരം അതു ശരിയാണോ?

**വാക്യം 25, 26.** പൗലൊസിന്റെ മറുപടി ''ഇതെല്ലാം പ്രവാചകന്മാർ മുൻകൂട്ടി പറഞ്ഞിരുന്നു'' എന്നാണ്. പൗലൊസ് ആദ്യം ഹോശേയ പ്രവാചകനിൽ നിന്നും രണ്ടു ഭാഗം ഉദ്ധരിച്ചിരുന്നു. ജാതികളെ രക്ഷയിൽ ഉൾപ്പെടുത്തുന്നത് ദൈവത്തിന്റെ സുസ്ഥിരമായ പദ്ധതിയ്ക്കും ഉദ്ദേശത്തിനും യോജിച്ചതാണ്:

**അവൻ ഹോശേയയിൽ പറയുന്നതുപോലെ:**
**കരുണ ലഭിക്കാത്തവളോട് ഞാൻ കരുണ കാണിക്കും.**
**എന്റെ ജനമല്ലാത്തതിനോട് നീ എന്റെ ജനമെന്നു ഞാൻ**
**പറയും നീ എന്റെ ദൈവം എന്ന് അവരും പറയും**
(കാണുക ഹോശേ. 2:23, 1:10).

ഹോശേയ ജാതികളെക്കുറിച്ചല്ല പറയുന്നത്. പിൻമാറ്റത്തിൽ പോയ യഹൂദന്മാരെക്കുറിച്ചാണ് ആത്മപ്രേരണയാൽ പൗലൊസ് ഒരു തത്വം സ്ഥാപിക്കുവാനായി ഈ ഭാഗം ഉപയോഗിക്കുകയാണ്. അതായത് ദൈവ ജനമല്ലാതെയിരുന്നവർക്ക് ദൈവജനമാകുവാൻ സാധിയ്ക്കുമെന്ന് കാണിയ്ക്കുന്നതിന്. അങ്ങനെ ദൈവജനമല്ലാതിരുന്നവരെ ദൈവജനമാക്കുന്നത് ദൈവത്തിന്റെ സുസ്ഥിരമായ സ്വഭാവത്തിന് ചേർന്നതാണ് (എഫെ. 2:11, 12).

**വാക്യം 27, 28.** ദൈവം വളരെ കുറച്ച് യഹൂദന്മാരെ മാത്രമെ ചേർത്തുകൊള്ളൂ എന്ന സത്യത്തോടെന്തു പറയും? (യേശുവിൽ വിശ്വസിച്ചവരെ മാത്രം). യിസ്രായേൽ ജാതിയിൽ ബഹുഭൂരിപക്ഷം പേരേയും തള്ളിക്കളഞ്ഞല്ലോ. (9:6 കാണുക). പ്രവാചകന്മാർ അത് മുൻപറഞ്ഞിരുന്നതാണെന്ന് പൗലൊസ് പറയുന്നു. ഇപ്പോൾ യെശയ്യാവിൽ നിന്നും ഉദ്ധരിക്കുന്നു. യിസ്രായേലിനെക്കുറിച്ച് യെശയ്യാവു കരയുന്നു:

> **യെശയ്യാവോ യിസ്രായേലിനെക്കുറിച്ച്, "യിസ്രായേൽ മക്കളുടെ എണ്ണം കടൽക്കരയിലെ മണൽ പോലെ ആയിരുന്നാലും ശേഷിപ്പത്രെ രക്ഷിക്കപ്പെടൂ. കർത്താവ് ഭൂമിയിൽ തന്റെ വചനം നിവർത്തിച്ച് ക്ഷണത്തിൽ തീർക്കും എന്ന് വിളിച്ചു പറയുന്നു"** (കാണുക ഉല്പത്തി. 22:17; യെശയ്യാ. 10:22, 23[29]).

ഈ ഭാഗത്തെ താക്കോൽ വാക്ക് "ശേഷിപ്പ്" (ὑπόλειμμα, *hupoleimma*) എന്നുള്ളതാണ്. അതൊരു ചെറിയ സംഖ്യയെ കുറിയ്ക്കുന്നു[30]. (യെശയ്യാ. 10:22, 23) വാക്യങ്ങൾ പ്രവാസത്തിൽ നിന്നും വരുന്ന ചെറിയകൂട്ടം യിസ്രായേലിനെക്കുറിച്ചാണ് യെശയ്യാവു പറയുന്നത്. വീണ്ടും ആത്മനിയോഗത്താലാണ് പ്രയോഗിക്കുന്നത്. പഴയ നിയമത്തിൽ യഹൂദയുടെ ഒരു ശേഷിപ്പ് പ്രവാസത്തിൽ നിന്നും തിരിച്ചെത്തി. അതുപോലെ പുതിയ നിയമകാലത്തും ഒരു ശേഷിപ്പ് രക്ഷിയ്ക്കപ്പെടും.

ശേഷിപ്പിന്റെ ദൂതിന് രണ്ടു വശങ്ങളുണ്ട്. ഒന്ന്, ഒരു ശേഷിപ്പു മാത്രമെ രക്ഷിക്കപ്പെടുകയുള്ളൂ എന്ന *സങ്കടകരമായ* വാർത്ത. രണ്ടാമത്തേത് ഒരു ശേഷിപ്പ് രക്ഷിയ്ക്കപ്പെടും എന്ന സന്തോഷകരമായ വാർത്ത (11:5). യിസ്രായേൽ മുഴുവനും തള്ളപ്പെടുകയില്ല.

**വാക്യം 29.** പൗലൊസ് യെശയ്യാവിന്റെ ഒടുവിലത്തെ ഭാഗം യെശയ്യാവിൽ നിന്നുള്ള ഉദ്ധരണിയായി എഴുതുന്നു.

> **യെശയ്യാവ് മുൻ പറഞ്ഞതുപോലെ:**
> **"സൈന്യങ്ങളുടെ കർത്താവ്[31] നമുക്ക് സന്തതിയെ ശേഷിപ്പിച്ചില്ലെങ്കിൽ നാം സൊദോമെപ്പോലെ ആകുമായിരുന്നു. ഗൊമോറക്കു സദൃശമാകുമായിരുന്നു"** (യെശയ്യാ 1:9).

യെശയ്യാവിലെ ഈ ഭാഗം യഹൂദക്കും യെരുശലേമിനും ഒരു അപകടസമയം ആയിരുന്നു. അശൂര്യർ ദേശത്തെ അക്രമിച്ചകാലം നേരത്തെ സൊദോമിനെയും ഗൊമോറായെയും ദൈവം ഭൂമുഖത്തുനിന്നും തൂത്തെറിഞ്ഞുകളഞ്ഞിരുന്നു (ഉല്പത്തി. 19:24, 25). ആ പട്ടണങ്ങൾ എവിടെയായിരുന്നു എന്നുപോലും അറിയുവാൻ സാധിക്കാത്ത വിധത്തിൽ നശിപ്പിച്ചിരുന്നു.

അശൂരിന്റെ ആക്രമണ സമയത്ത് അത്രയും നാശം ഉണ്ടണ്ടായിരുന്നില്ല. ഒരു ശേഷിപ്പ് ബാക്കിയായി ശേഷിച്ചിരുന്നു. വളർന്നുവരുവാൻ ഒരു വിത്തുമണ്ടായിരുന്നു. അതുപോലെ പൗലൊസിന്റെ കാലത്തും ദൈവത്തിന് ഒരു ശേഷിപ്പുണ്ടായിരുന്നു. പൗലൊസും അതുപോലെ മറ്റു ചുരുക്കം ചിലരും യേശുവിനെ തങ്ങളുടെ മശിഹായായി സ്വീകരിച്ചവർ (11:1 കാണുക). ദൈവം തന്റെ ഉദ്ദേശം അവരിൽ കൂടെ നിറവേറ്റും. അതിന് ദൈവത്തിനു സാധിക്കും.

ശതാബ്ദങ്ങളായി ദൈവം യിസ്രായേല്യരുടെ ഇടയിൽ പ്രവർത്തിച്ചു. എന്തുകൊണ്ടണ്ടാണ് ഒരു ശേഷിപ്പു മാത്രം ഒടുവിൽ ശേഷിക്കുന്നത്? ദൈവത്തിന്റെ പദ്ധതി പ്രകാരം ഈ ലേഖനത്തിന്റെ ശിഷ്ടമുള്ള ഭാഗത്ത് പൗലൊസ് ആ വിഷയം എഴുതുന്നു.

## രക്ഷ വിശ്വാസത്താൽ പ്രവർത്തിയാലല്ല (9:30-33)

**30 ആകയാൽ നാം എന്തു പറയേണ്ടു? നീതിയെ പിന്തുടരാത്ത ജാതികൾ നീതി പ്രാപിച്ചു. വിശ്വാസത്താലുള്ള നീതി തന്നെ. 31 നീതിയുടെ പ്രമാണം തുടർന്ന യിസ്രായേലോ ആ പ്രമാണത്തിങ്കൽ എത്തിയില്ല. 32 അതെന്തുകൊണ്ട് പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ട് തന്നെ അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി.**

**33 ഇതാ ഞാൻ സീയോനിൽ ഇടർച്ചക്കല്ലും തടങ്കൽ**
**പാറയും വെക്കുന്നു. "അവനിൽ വിശ്വസിക്കുന്നവൻ**
**ലജ്ജിച്ചു പോകയില്ല എന്ന് എഴുതിയിരിക്കുന്നുവല്ലോ."**

റോമർ 9:30-33, ദൈവം ഭൂരിപക്ഷം യഹൂദന്മാരെയും തള്ളി. കുറച്ച് ജാതികളെ സ്വീകരിച്ചതിന് ആരാണ് കുറ്റക്കാർ എന്ന ചോദ്യത്തിന് ഉത്തരം കൊടുക്കുകയാണ് പൗലോസ്. ഉല്പത്തി 9-ാം അദ്ധ്യായം 14-29 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് സ്ഥാപിച്ചത് ദൈവം നീതിമാനാണ്, ദൈവത്തിന്റെ പ്രവർത്തി ന്യായമുള്ളതാണ്, യഹൂദന്മാരുടെ വിഷയത്തിന് ദൈവം ഉത്തരവാദിയല്ല പിന്നെയാരാണ് കുറ്റം ചെയ്തത്? യഹൂദന്മാർക്ക് അതു സമ്മതിയ്ക്കുവാൻ ഇഷ്ടമില്ല. എങ്കിലും അവർക്കു അവരെയല്ലാതെ മറ്റാരെയും കുറ്റം പറയുവാൻ സാദ്ധ്യമല്ല.

30-ാം വാക്യത്തിൽ പൗലൊസ് തന്റെ ശ്രദ്ധ ദൈവത്തിന്റെ പരമാധികാരത്തിൽ നിന്നും മനുഷ്യന്റെ ഉത്തരവാദിത്വത്തിലേക്കു മാറ്റുന്നു. നേരത്തെ പരാമർശിച്ചതുപോലെ പൗലൊസ് ഉപദേശങ്ങളെ ചേർത്തു അനുരഞ്ജിപ്പിക്കുവാൻ ശ്രമിച്ചില്ല (9:30—10:21). ഭൂരിഭാഗം യഹൂദന്മാരും ദൈവത്താൽ ത്യജിയ്ക്കപ്പെട്ടതെന്തുകൊണ്ടെണ്ടന്നു പറയുവാൻ ശ്രമിയ്ക്കുന്നു.

**വാക്യം 30**. പൗലൊസ് ഇങ്ങനെ ആരംഭിക്കുന്നു, **എന്നാൽ നാം എന്തു പറയേണ്ടു?** മറ്റൊരു തരത്തിൽ പറഞ്ഞാൽ, അദ്ദേഹം ഇങ്ങനെ ചോദിക്കുകയായിരുന്നു, "യഹൂദ തിരസ്കരണത്തെക്കുറിച്ച് നാം ഇതിനേക്കാളേറെ എന്ത് പറയേണ്ടതുണ്ട്?" പൗലൊസിന് എന്തു പറയേണ്ടതുണ്ട്? ജാതികളിൽ നിന്നുള്ളവർ യേശുവിൽ വിശ്വസിച്ചതിനാൽ അവർ സ്വീകരിക്കപ്പെട്ടു എന്ന ആശയത്തി നായിരുന്നു അദ്ദേഹം ഊന്നൽ നൽകിയത്. **നീതിയെ പിന്തുടരാത്ത ജാതികൾ നീതി പ്രാപിച്ചു, വിശ്വാസത്താലുള്ള ദൈവനീതി തന്നെ.**

ഈ സ്ഥാനത്ത് "നീതി" എന്നതിന് "ശരിയായത്" എന്ന് ദൈവം കണക്കാക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. അത് *വിശ്വാസത്താൽ* ലഭിക്കുന്ന നീതിയാണ്. വിശ്വസത്തിന്റെ അടിസ്ഥാനത്തിൽ ദൈവവുമായി ശരിയായ ബന്ധത്തിലാകുക. ഇവിടെ പൗലൊസ് റോമാലേഖനത്തിന്റെ പ്രധാന വിഷയം വീണ്ടും എടുത്തു പറയുകയാണ്. ദൈവം നമ്മെ "ശരിയായവർ" അഥവാ "നീതിമാൻമാർ" എന്ന് വിശ്വാസം മൂലം കണക്കാക്കുന്നു. പ്രവർത്തികൾ മൂലമല്ല. 9:1-29ൽ ദൈവം തനിക്കിഷ്ടമുള്ള ആരെയും തെരഞ്ഞെടുക്കുവാൻ ദൈവത്തിന് അവകാശമുണ്ടെന്ന് സ്ഥാപിക്കുകയായിരുന്നു. ഇപ്പോൾ ഓർമ്മിപ്പിക്കുന്നത് അങ്ങനെ ദൈവം തെരഞ്ഞെടുത്തത് വിശ്വാസികളെ സ്വീകരിക്കുവാനാണ് അങ്ങനെ ചെയ്തത്– *യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ.*

ജാതികൾ ദൈവത്തിന്റെ "നീതി" പിന്തുടർന്നില്ല. പിന്തുടരുക (διώκω, *diōkō*) എന്ന് തർജ്ജമ ചെയ്യപ്പെട്ട ഗ്രീക്കുപദം "തീക്ഷ്ണമായ പരിശ്രമം" എന്നാണ് അർത്ഥമാക്കുന്നത്.[32] ജാതികൾ ദൈവനീതി പിന്തുടർന്നില്ല എന്നത് ഒരു താണ പ്രസ്താവനായണ്. ചില വ്യത്യാസങ്ങളുണ്ടെങ്കിലും ജാതികൾ പൊതുവെ എല്ലാവരും അസാന്മാർഗ്ഗികരും സ്വാർത്ഥമതികളായ വിഗ്രഹാരാധകരും ആണ്. (1:18-32) ആത്മീയ വിഷയങ്ങളിൽ തീരെകുറച്ചു താല്പര്യം മാത്രമുണ്ടായിരുന്ന ജാതികൾക്ക് എങ്ങനെയാണ് ദൈവസന്നിധിയിൽ ശരിയായ നിലപാടുണ്ടായത്? അവർ സുവിശേഷം കേട്ട് ദൈവത്തിങ്കലേക്കു തിരിഞ്ഞു. തങ്ങളുടെ പാപത്തെക്കുറിച്ച് ബോധമുണ്ടായി. വിശ്വാസത്തിലും അനുസരണത്തിലും ദൈവത്തിങ്കലേക്കു തിരിഞ്ഞു. തങ്ങളുടെ പാപത്തെക്കുറിച്ച് ബോധമുണ്ടായി. വിശ്വാസത്തിലും അനുസരണത്തിലും ദൈവത്തിങ്കലേക്കു തിരിഞ്ഞു.

**വാക്യം 31.** മറിച്ച് **നീതിയുടെ പ്രമാണം തുടർന്ന യിസ്രായേൽ അതു പ്രാപിച്ചില്ല.** ഈ വാക്യത്തിൽ "പ്രമാണം" എന്നത് ഏതു പ്രമാണമാണെന്ന് വ്യക്തമല്ല. പൗലൊസിന്റെ മനസ്സിൽ എന്തായിരുന്നു എന്ന് മനസ്സിലാകുന്നില്ല. ചിലർ ചിന്തിക്കുന്നു മോശെയുടെ ന്യായപ്രമാണമാണെന്ന്. ചിലർ പൊതു പ്രമാണം എന്ന് വിചാരിക്കുന്നു. ചിലർ അടിസ്ഥാനപരമായ തത്വങ്ങളെന്നും ചിന്തിക്കുന്നു.[33]

തല്ക്കാലം നമുക്ക് "പ്രമാണം" എന്നതു വിട്ടിട്ട് ജാതികൾക്കു വിപരീതമായി യിസ്രായേൽ നീതി പ്രാപിക്കുവാൻ അത്യധികമായി പരിശ്രമിച്ചവരാണ്. അവർ അവരുടെ മതപരമായ ചടങ്ങുകളെല്ലാം നിവർത്തിച്ചുപോന്നു. അവരുടെ അനുഷ്ടാന മുറകൾ എല്ലാം നടത്തി. അവരുടെ മതപരമായ പാരമ്പര്യങ്ങളെക്കുറിച്ച് വളരെ ഗൗരവമായി തന്നെ വർത്തിച്ചു. ശബ്ബത്തുകളും പെരുന്നാളുകളും എല്ലാം പാലിച്ചു. യെരുശലേം ദൈവാലയത്തിൽ എത്തേണ്ട യാത്രകൾ എല്ലാം നടത്തി എങ്കിലും അവർ ആഗ്രഹിച്ച സ്ഥാനത്ത് അവർ എത്തിയില്ല.

**വാക്യം 32. എന്തുകൊണ്ട്? വിശ്വാസത്താലല്ല, പ്രവർത്തികളാൽ അന്വേഷിച്ചതുകൊണ്ട്. ഇനിയും നമുക്ക് പ്രമാണം എന്ന വാക്കിനെക്കുറിച്ച് ചിന്തിക്കാം.** യഹൂദന്മാർ നീതിലഭിക്കുന്നത് പ്രമാണം അനുസരിക്കുന്നതുകൊണ്ടാണെന്ന് വിചാരിച്ചു. ചില പ്രവർത്തികൾ ചെയ്യുന്നതുകൊണ്ട്. സുവിശേഷം പ്രസംഗിക്കപ്പെട്ടപ്പോൾ പാപികളാണെന്നും അവർക്കു രക്ഷ ആവശ്യമാണെന്നും കേട്ടപ്പോൾ അവർ കുറ്റബോധത്താൽ വേദനപ്പെട്ടു. അവർ നീതി അന്വേഷിച്ചു. തെറ്റായ ദിശയിലാണ് അന്വേഷിച്ചത്. അവർ യേശു

വിനെ നിരസിക്കുകയും അവൻ ക്രൂശിൽ മരിച്ചപ്പോൾ അവർ അമ്പരന്നു പേ ാകുകയും ചെയ്തു. അവർ നീതിയിൽ എത്തിച്ചേരാഞ്ഞതിൽ അതിശയിക്കാ നൊന്നുമില്ല. നീ കിഴക്കോട്ടു പോകുന്നതാണ് നിന്റെ ലക്ഷ്യമെങ്കിൽ പടിഞ്ഞാ റോട്ടുപോയാൽ നീ കടന്നുപോകുന്ന ഓരോ മൈലും നിന്നെ ലക്ഷ്യത്തിൽ നിന്ന് അകറ്റുകയല്ലാതെ അടുപ്പിക്കുകയില്ല.

അവർ ദൈവം കാണിച്ചിരുന്ന വഴിയിൽ കൂടെ പോയിരുന്നെങ്കിൽ അവർ യേശുവിനെ മ-ശിഹായായി അംഗീകരിച്ചേനേ. അവർ അതു ചെയ്യാതിരുന്ന തുകൊണ്ട് **ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി** (യെശയ്യാ 8:13-15 കാണുക). ഇടറി എന്നത് προσκόπτω (*proskoptō*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. അർത്ഥം കല്ലിന്മേൽ തട്ടുക എന്നാണ്.[34]

യേശുവായിരുന്നു ഇടർച്ചക്കല്ല് (1 പത്രൊ. 2:8). യേശു പറഞ്ഞു വീടുപ ണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി എന്ന് (സങ്കീ. 118:22). യഹൂദ ന്മാർ ദൈവത്തെ അവരുടെ സങ്കേതമാക്കുന്നത് ത്യജിച്ചു കളഞ്ഞു. പുതിയ നിയമ എഴുത്തുകാരും പ്രസംഗികളും ഈ ഭാഗത്തെ യേശുവിന് പ്രയോഗിച്ചു (മത്താ. 21:42; മർക്കൊ. 12:10; ലൂക്കൊ. 20:17; പ്രവൃത്തി 4:11; 1 പത്രൊ. 2:7).

വീടു പണിയുന്നവർ തള്ളിക്കളഞ്ഞ മൂലക്കല്ല് എന്നു പറയുമ്പോൾ അത് ഇടർച്ചക്കല്ലായിതീരുമ്പോൾ മനസ്സിൽ വരുന്ന സാദൃശ്യം ജോലിക്കാർ കെട്ടിടം പണിയുന്നതാണ്. പ്രധാന ശില്പിയുടെ പദ്ധതി അവഗണിച്ച് അവർക്ക് തോന്നിയതുപോലെ വലിയ മന്ദിരം പണിതുയർത്തുന്നു. അതിന്റെ ഫലമായി മൂലക്കല്ല് അവിടേക്കു കൊണ്ടുവരുമ്പോൾ അത് ഉപയോഗയോഗ്യമല്ലാതെ തള്ളിക്കളയുന്നു അത് ആ സ്ഥലത്തു ഉപേക്ഷിച്ച നിലയിൽ കിടക്കുന്നു. ജോലിക്കാർ ധൃതിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുമ്പോൾ അവർ വീണ്ടും വീണ്ടും അതിനെ തട്ടി ഇടറി വീഴുന്നു. കെട്ടിടത്തിന്റെ പ്രധാനപ്പെട്ട ബലമായി രിക്കേണ്ട മൂലക്കല്ല് ഒരു തടസ്സവും ബുദ്ധിമുട്ടുമായിത്തീരുന്നു.

യേശു വന്നപ്പോൾ യഹൂദന്മാരുടെ മുൻ പ്രതീക്ഷകൾക്കുള്ളിൽ ചേർന്നു നിൽക്കുവാൻ കഴിഞ്ഞില്ല. അവൻ രാജകീയ വസ്ത്രമൊന്നും ധരിച്ചിരുന്നില്ല. ഒരു ഭൗമികമായ രാജാവാകുവാൻ വിസമ്മതിച്ചു (യോഹ. 6:15). റോമാ ക്കാർക്കെതിരായി യുദ്ധം ചെയ്വാൻ ഒരു സൈന്യത്തെ ശേഖരിച്ചില്ല (യോഹ. 18:36). യഹൂദന്മാർ മശിഹായെ വയ്ക്കുവാനുണ്ടാക്കിയ വിധത്തിൽ അവൻ നില്ക്കാഞ്ഞതുകൊണ്ട് അവർ അവനെ തള്ളിക്കളഞ്ഞു. അതിന്റെ ഫലമായി യേശു അവർക്ക് ഒരു പ്രധാന പ്രകോപന വ്യക്തിയും ശല്യക്കാരനും ആയി ത്തീർന്നു. അതുകൊണ്ട് അവനെ കൊന്ന് ആ അവസ്ഥ മാറ്റുവാൻ ശ്രമിച്ചു.

**വാക്യം 33.** മശിഹായാണെങ്കിൽ എല്ലാവരാലും സ്വീകരിയ്ക്കപ്പെടുമായി രുന്നു. എന്ന അവരുടെ വാദത്തെ യേശു എതിർത്തിരുന്നു. അവനെ അവർ എതിർക്കുന്നതുകൊണ്ട് അവൻ മശിഹായല്ലെന്ന നിഗമനത്തിൽ അവർ എത്തി. എന്നാൽ പ്രവാചകന്മാർ മുമ്പെ പ്രവചിച്ചിരുന്നു മശിഹായെ യിസ്രായേൽ ത്യജിയ്ക്കുമെന്നുള്ള കാര്യം. പൗലൊസ് യെശയ്യാ പ്രവാചകനെ ഉദ്ധരിച്ച് 28:16ഉം 8:14ഉം കൂടെ യോജിപ്പിച്ച് 33-ാം വാക്യം തുടങ്ങുന്നു. **"ഇതാ ഞാൻ സീയോനിൽ ഇടർച്ചക്കല്ലും തടങ്കൽ പാറയും വെക്കുന്നു. അവനിൽ വിശ്വ സിക്കുന്നവൻ ലജ്ജിച്ചു പോകയില്ല എന്നെഴുതിയിരിക്കുന്നുവല്ലോ"** (യെശ. 28:16ഉം 8:14ഉം കാണുക) ഇടർച്ച എന്ന വാക്ക് σκάνδαλον (*skandalon*) എന്ന ഗ്രീക്കുപദത്തിന്റെ തർജ്ജമയാണ്. അതിൽ നിന്നാണ് scandal, scandalous എന്ന ഇംഗ്ലീഷ് വാക്കുകളുണ്ടായത്.

*സ്കാൻഡലോൺ* ഉത്ഭവത്തിലേ, ചൂണ്ടയിലോ കുടുക്കിലോ ഇരയെ ഉറപ്പിയ്ക്കുന്ന സ്ഥലമാണ്.

> പുതിയനിയമത്തിൽ *skandalon* അലങ്കാര രൂപത്തിലാണ് ഉപയോഗിച്ചിട്ടുള്ളത് ...
>
> ... സാധാരണയായി മുൻവിധി ഉണ്ടാകുന്നതോ, മറ്റുള്ളവർക്കു തടസ്സമാകുന്നുതോ അവരുടെ വീഴ്ചയ്ക്കു കാരണമാകുന്നതോ ആയതിനെയാണ് സെമിറമഹീ എന്നു പറയുന്നത്.[35]

ചഇഢയിൽ ''അവരെ വീഴാനിടയാക്കുന്ന ഒരു പാറ'' എന്നാണ്.

യഹൂദന്മാർക്ക് യേശുവിനെക്കുറിച്ച് ഏറ്റവും ഇടർച്ചയുണ്ടായത് ഒരു സാധാരണ കുറ്റവാളിയെപ്പോലെ അവൻ ക്രൂശിയ്ക്കപ്പെട്ടു എന്നുള്ളതാണ്. പൗലൊസ് കൊരിന്ത്യരോടു പറഞ്ഞു. ''ഞങ്ങൾ ക്രൂശിയ്ക്കപ്പെട്ടവ-നായ ക്രിസ്തുവിനെ പ്രസംഗിയ്ക്കുന്നു. യഹൂദന്മാർക്ക് ഇടർച്ചയായ'' (1 കൊരി 1:23). ഗലാത്യർക്ക് എഴുതുമ്പോൾ ''ക്രൂശിന്റെ ഇടർച്ച'' (ഗലാ. 5:11) എന്നെഴുതുന്നു. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം ഏറ്റവും നിന്ദ്യമായ മരണം ഒരു രാജാവിന് ഒട്ടും തന്നെ ചേർന്നതേയല്ല.

യിസ്രായേലിൽ കൂടിയ പങ്കാളികളും യേശുവിനെ തിരസ്ക്കരിയ്ക്കുമെന്ന് ദൈവത്തിനറിയാമായിരുന്നു. കുറച്ചു പേരെങ്കിലും സ്വീകരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. ആ കാരണത്താൽ യെശയ്യാവ് തന്റെ പ്രവചനത്തോട് അല്പ ം കൂട്ടി പറഞ്ഞു, 28:16ൽ **''അവനിൽ വിശ്വ-സിക്കുന്നവൻ ലജ്ജിച്ചു പോകയില്ല'' അഥവാ നിരാശപ്പെട്ടുപോകയില്ല**. ''ലജ്ജിച്ചു'' - പോകയില്ല എന്നതിനേക്കാൾ കുറെക്കൂടെ കട്ടിയായതാണ് ''നിരാശപ്പെട്ടുപോകയില്ല'' καταισχύνω (*kataischunō*) എന്നത് αἰσχύνω (*aischunō*) κατα (*kata*). ന്യായവിധി നാളിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചും നിരാശപ്പെട്ടും പോകയില്ല. യേശു പറഞ്ഞു, ''എന്നേയും എന്റെ വചനത്തെയും കുറിച്ചു നാണിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ നാണിക്കും'' (മർക്കൊ. 8:38), എന്നാൽ യേശുവിൽ വിശ്വസിയ്ക്കുന്നവൻ യഹൂദനായാലും ജാതിയനായാലും നാണിച്ചു പോകയില്ല. പൗലൊസ് തന്റെ ചിന്താഗതി പ്രത്യാശയുടെ സ്വരത്തോടെ അവസാനിപ്പിക്കുന്നു.

## പ്രായോഗികം

### പ്രധാന സത്യങ്ങൾ (9:1-13)

ഒന്നാം നൂറ്റാണ്ടിലെ ഒരു പ്രശ്നത്തിനുള്ള പൗലൊസിന്റെ ഉപദേശം 21–ാം നൂറ്റാണ്ടിലേക്കും പ്രധാനപ്പെട്ട ഉപദേശത്തെ നൽകുന്നു.

*നാം നഷ്ടപ്പെടുന്നവരെക്കുറിച്ച് കരുതലുള്ളവരായിരിക്കണം* (9:1–3). യഹൂദന്മാരെ വെറുക്കുവാനുള്ള എല്ലാ കാരണങ്ങളും ഉണ്ടായിരുന്നു. താൻ സന്ദർശിച്ച എല്ലാ പട്ടണങ്ങളിലും അവർ തന്നെ ഉപദ്രവിച്ചു. എങ്കിലും അവർ യേശുവിനെ സ്വീകരിക്കാതെയിരുന്നാൽ റോമർ 8ൽ പറയുന്ന അത്യത്ഭുതമായ അനുഗ്രഹങ്ങളൊന്നും തന്നെ അവർക്കു ലഭിയ്ക്കയില്ലെന്ന് താൻ അറിഞ്ഞിരുന്നു. പൗലൊസ് അതിഭയങ്കരമായ അനുഭവങ്ങളിൽ കൂടി കടന്നുപോയി എങ്കിലും ഇവിടെ പ്രദർശിപ്പിക്കുന്നതുപോലെയുള്ള ദുഃഖം വേറെ എങ്ങും

പ്രദർശിപ്പിച്ചില്ല. അതു നഷ്ടപ്പെട്ടുപോകുന്ന ആളുകളെ ഓർത്തിട്ടായിരുന്നു. നിത്യനാശത്തിനിരയാകാവുന്ന ആളുകളാൽ നാം ചുറ്റപ്പെട്ടിരിക്കുകയാണ്. അവർ യേശുവിനെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യാത്ത കാരണത്താൽ തന്നെ. അവരിൽ ചിലർ നമ്മുടെ സ്വന്തക്കാരായിരിക്കും. അവരെ ഓർത്ത് നമുക്ക് വലിയ ദുഃഖവും ഇടവിടാതെയുള്ള യാചനയും ഉണ്ടായിരിക്കേണ്ടതാണ്.

*നാം നന്മയായുള്ളതെന്തെങ്കിലും പറയണം* (9:4, 5). പൗലൊസിന്റെ ലേഖനങ്ങളുടെ ആദ്യഭാഗങ്ങൾ പരിശോധിക്കുക. അവയിൽ താൻ വായനക്കാരെക്കുറിച്ച് ആദ്യം ചില നല്ല കാര്യങ്ങൾ പറയുന്നതുകാണാം. അവരുടെ പ്രശ്നങ്ങൾ പിന്നീടാണ് പറയുന്നത്. പ്രായമുള്ള പ്രസംഗകർക്കും പ്രായം കുറഞ്ഞ പ്രസംഗകർക്കും ഈ മാതൃക പഠിക്കാവുന്നതാണ്. മറ്റുള്ളവരുമായുള്ള ബന്ധത്തിൽ നാം നന്മയെക്കാണുവാൻ ഉത്സാഹിക്കണം.

*അവസരങ്ങൾ നഷ്ടപ്പെട്ടു പോകാനിടയുണ്ട്* (9:4, 5). ദൈവം യഹൂദന്മാർക്ക് ധാരാളം പ്രത്യേക പദവികൾ നൽകിയിരുന്നു. എന്നാൽ അവർ അതൊന്നും പ്രയോജനപ്പെടുത്തിയില്ല. അവരുടെ അവസരങ്ങളെയെല്ലാം അവർ നഷ്ടപ്പെടുത്തി. നഷ്ടമായിപ്പോയ അവസരങ്ങൾ വീണ്ടും ലഭിക്കയില്ല. എന്നേക്കുമായി നഷ്ടപ്പെട്ടുപോയി. എഫെസ്യർ. 5:16ൽ പൗലൊസ് എല്ലാ ക്രിസ്ത്യാനികൾക്കും മുന്നറിയിപ്പു നൽകുന്നു. ‘‘സമയം തക്കത്തിൽ ഉപയോഗിപ്പിൻ’’ ഇതു ദുഷ്ക്കാലമാകയാൽ ഒരു അവസരവും നഷ്ടപ്പെടുത്താതെ ഉപയോഗിക്കുക (AB). ദൈവം നമുക്കു തരുന്ന എല്ലാ അവസരങ്ങളെയും കുറിച്ച് ഓർത്തുനോക്കുക. അവയെ നാം നഷ്ടപ്പെടുത്തിയാൽ എത്ര കഷ്ടമാണ്!

*രക്ഷ വ്യക്തിപരമാണ്* (9:6, 7). യഹൂദന്മാർ തങ്ങൾ ശാരീരികമായി അബ്രാഹാമിന്റെ സന്തതികളാകയാൽ രക്ഷപ്പെ-ടുമെന്ന് വ്യാമോഹിച്ചു. അങ്ങനെ അല്ലായിരുന്നു ‘‘അബ്രാഹം ഞങ്ങൾക്കു പിതാവായിട്ടുണ്ട് എന്ന് ഉള്ളംകൊണ്ടു പറവാൻ തുനിയരുത്. അബ്രാഹാമിന് ഈ കല്ലുകളിൽനിന്ന് മക്കളെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും (ലൂക്കൊ. 3:8). ചിലർ വിചാരിക്കുന്നത് ദൈവഭക്തിയുള്ള മാതാപിതാക്കന്മാർ തങ്ങൾക്കുള്ളതിനാൽ തങ്ങൾ ക്രിസ്ത്യാനികളാണെന്നാണ്. രക്ഷ മാതാപിതാക്കളിൽ നിന്നോ വലിയപ്പനിലും വലിയമ്മയിലും നിന്നോ അവകാശപ്പെടാൻ കഴിയാത്തതാണ്. രക്ഷ ഒരു വ്യക്തിപരമായ കാര്യമാണ്. നിങ്ങൾ *സ്വന്തമായി* യേശുവിനെ സ്വീകരിക്കുകയും അവന്റെ ഇഷ്ടം ചെയ്യുകയും വേണം (യോഹ 8:24; ലൂക്കൊ. 13:3; മർക്കൊ. 16:16).

*ദൈവം ദൈവമാകുന്നു* (9:11, 12). റോമർ 9ൽ കാണുന്ന എറ്റവും പ്രധാന സത്യം ദൈവം ദൈവമായതിനാൽ തനിക്ക് ഇഷ്ടമുള്ളതെല്ലാം ചെയ്യാം എന്നതാണ്[36] – അവൻ ദൈവമായതുകൊണ്ട് അതിനു പറയുന്ന പേരാണ് ‘‘പരമാധികാരം.’’ പരമാധികാരം എന്ന വാക്ക് നമ്മിൽ ചിലർ മനുഷ്യന്റെ സ്വാതന്ത്ര്യം പഠിപ്പിക്കുവാൻ വളരെ സമയം ഉപയോഗിക്കുന്നു. എന്നാൽ ദൈവത്തിന്റെ പരമാധികാരം പഠിപ്പിക്കുവാൻ കുറച്ചു സമയം മാത്രവും ചെലവാക്കുന്നു. ഏശാവും യാക്കൊബും ജനിയ്ക്കുന്നതിനു മുൻപേ ദൈവം ഏശാവിനെ വിട്ടിട്ട് യാക്കോബിനെ തെരഞ്ഞെടുത്തു. ദൈവത്തിന് ഭാവിയിലേക്കു നോക്കി യാക്കൊബ് ഏശാവിനേക്കാൾ തന്റെ ഉദ്ദേശനിവർത്തിപ്പിനു യോഗ്യമായി കണ്ടു. അതു ശരിയായിരിക്കാം. പൗലൊസ് എടുത്തുപറയുന്നത്. ജനനശേഷം അവർ എന്തുതന്നെ ചെയ്താലും ആരെ തെരഞ്ഞെടുക്കണമെന്നതിൽ ദൈവ

ത്തിന് *നിർബന്ധമില്ല.* ദൈവം ദൈവമായതിനാൽ ആരോടും ഉത്തരവാദപ്പെട്ടവനല്ല. ദൈവത്തെ ദൈവമെന്നോർത്ത് മഹത്വപ്പെടുത്താം.

*ഒരിക്കലും നമുക്ക് മനസ്സിലാകാത്ത അനേകം കാര്യങ്ങളുണ്ട്.* മറ്റൊന്നു കൊണ്ടും മനസ്സിലായില്ലെങ്കിൽ റോമർ 9–11 വരെയുള്ള ഭാഗങ്ങൾ മൂലമെങ്കിലും നാം മനസ്സിലാക്കണം. ദൈവത്തെയും അവന്റെ ഉദ്ദേശങ്ങളെയും കുറിച്ച് ധാരാളം കാര്യങ്ങൾ നമുക്കു മനസ്സിലാകുകയില്ല. നമ്മിൽ ചിലർക്ക് ദൈവത്തെ സംബന്ധിച്ചുള്ള സർവ്വകാര്യങ്ങളും അറിഞ്ഞിരിക്കണമെന്നാണാഗ്രഹം. ഇതെല്ലാം എഴുതി ഒരു പെട്ടിയിലിട്ട് മുകളിൽ ഒരു റിബണും കെട്ടി വെക്കാനിഷ്ടപ്പെടുന്നു. എന്നാൽ ദൈവം ഒരു പെട്ടിയിൽ ഒതുങ്ങുകയില്ല. മോശെ ഇങ്ങനെ എഴുതി. ''മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവയത്രെ. വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകല വചനങ്ങളും അനുസരിച്ചു നടക്കേണ്ടതിന് നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു'' (ആവർത്തനം. 29:29). *ചില കാര്യങ്ങൾ* വെളിപ്പെടുത്തിത്തന്നതിനായി നന്ദിയുള്ളവരായിരിക്കാം. ദൈവം വെളിപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ പഠിച്ച് അനുസരിച്ച് നടക്കാം. *എല്ലാ* കാര്യങ്ങളും വെളിപ്പെടുത്തി തന്നിട്ടില്ലെന്ന് ഓർക്കാം. റോമാ ലേഖനം നമ്മെ താഴ്മയുള്ളവരാക്കട്ടെ.

*ദൈവം തന്റെ വാഗ്ദത്തങ്ങളെ പാലിക്കും (നിവർത്തിക്കും)* (9:6). റോമർ 9–11–ൽ പൗലൊസ് ഒന്നാം നൂറ്റാണ്ടിലെ ഒരു പ്രശ്നത്തെക്കുറിച്ച് സംസാരിക്കുകയാണ്. അത് വെളിപ്പെടുത്തുവാൻ ഒരു മാർഗ്ഗമുണ്ട്. ''യഹൂദ ജാതിക്ക് ദൈവം കൊടുത്ത വാഗ്ദത്തങ്ങൾ നിറവേറ്റുമോ?'' ആ ചോദ്യം ഒന്നാം നൂറ്റാണ്ടിനോടു ബന്ധപ്പെടുത്തി ചോദിക്കാം. എന്നാൽ 21–ാം നൂറ്റാണ്ടുമായും അത് വളരെ ഗൗരവമുള്ള നിലയിൽ ബന്ധപ്പെട്ടിരിക്കുന്നു. ദൈവം ഞങ്ങൾക്കു തന്ന വാഗ്ദത്തം നിറവേറ്റുമോ? പൗലൊസ് ഈ ചോദ്യവുമായി ഇടപെടുന്നത് തുടർന്നെങ്കിലും അവന്റെ നിഗമനം ആറാം വാക്യത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ''ദൈവവചനം വൃഥാവായിപ്പോയി എന്നല്ല.'' നന്നായി ശ്രദ്ധിയ്ക്കുക: നമ്മോടുള്ള ദൈവത്തിന്റെ വചനം വൃഥാവിലാക്കുകയില്ല. ദൈവം തന്റെ വാഗ്ദത്തങ്ങളെ പാലിക്കും. നമ്മുടെ ജീവിതം അടിസ്ഥാനപ്പെടുത്തുവാനുള്ള ഒരു സത്യമാണ്.

*ഉപസംഹാരം.* നാം അവസാനിപ്പിക്കുമ്പോൾ നാം പ്രസ്താവിച്ച സത്യങ്ങളോടു ബന്ധപ്പെട്ട ചില ഗുണദോഷങ്ങൾ പരിഗണിക്കാം. ഒന്നാമതു നീ ഒരു ക്രിസ്ത്യാനിയല്ലെങ്കിൽ, രക്ഷ എന്നത് വ്യക്തിപരമാണെന്നു മനസ്സിലാക്കുക. നിനക്കു പകരമായി വേറെ ആർക്കും വിശ്വസിക്കുകയോ മാനസാന്തരപ്പെടുകയോ സ്നാനപ്പെടുകയോ ചെയ്യുവാൻ കഴിയുകയില്ല. നിന്റെ ജീവിതം ഇതുവരെ യേശുവിനു സമർപ്പിച്ചിട്ടില്ലായെങ്കിൽ ഇന്നുതന്നെ അതു ചെയ്യുക. നീ ഒരു ക്രിസ്ത്യാനി ആണെങ്കിൽ ദൈവം തന്നിട്ടുള്ള ആത്മീയ അവസരങ്ങളെ ഉപയോഗിച്ചിട്ടില്ലെങ്കിൽ അതിനെക്കുറിച്ച് അനുതപിച്ച് നന്നായി ചെയ്യുവാൻ ഞാൻ നിങ്ങളെ നിർബന്ധിയ്ക്കുന്നു (പ്രവൃത്തി. 8:22; 1 യോഹ. 1:9). കഴിഞ്ഞ കാലത്തെ ജീവിതത്തെക്കുറിച്ച് ചിന്തിച്ച് അനുതപിക്കണമെങ്കിൽ ഇപ്പോഴാണ് അതിനുള്ള സമയം (2 കൊരി. 6:2).

### ദൈവത്തിന്റെ നീതി നിഷ്ഠയും ദയയും (9:14-29)

റോമർ 9:14–29 വരെ ചിലരെ തെരഞ്ഞെടുക്കയും മറ്റു ചിലരെ തള്ളി

ക്കളയുകയും ചെയ്യുന്നതിനുള്ള ദൈവത്തിന്റെ നീതി നിഷ്ഠയെക്കുറിച്ച് ചിന്തിക്കുന്നു. ഇവിടെ ചർച്ച ചെയ്യപ്പെടുന്ന പ്രധാന പ്രശ്നം ഇന്ന് നമ്മെ ബാധിക്കുന്നതല്ല. ഈ സത്യം നിങ്ങളുടെ മനസ്സിൽ പതിപ്പിക്കാമെന്നു വിചാരിക്കുന്നു. ദൈവം നീതിയും ന്യായവും ഉള്ളവനാണ്. നീതിമാനായ ദൈവം തന്നെയാണ്. ദൈവം ന്യായമുള്ളവനല്ലെന്ന് ഒരാൾ പറയുമ്പോൾ അവൻ ദൈവത്തെക്കുറിച്ചു പറയുന്നതിനേക്കാൾ കൂടുതൽ തന്നെക്കുറിച്ചുതന്നെയാണ് പറയുന്നത്. അവൻ തന്റെ അറിവില്ലായ്മയേയും അവിശ്വാസത്തെയും വെളിപ്പെടുത്തുകയാണ്.

ഈ വാക്യം ദൈവം നീതിമാനെന്നു മാത്രമല്ല കരുണയുള്ളവനാണെന്നും പറയുന്നു. C. E. B. Cranfield അഭിപ്രായപ്പെട്ടത് 9-11 വാക്യങ്ങളുടെ താക്കോൽ വാക്ക് "കരുണ"[37] എന്നുള്ളതാണ്. ഈ വാക്കിന്റെ ക്രിയയും നാമരൂപങ്ങളും- ἐλεέω (*eleeo*) ും ἔλεος (*eleos*) ും 9 പ്രാവശ്യം ഈ അദ്ധ്യായങ്ങളിൽ കാണപ്പെടുന്നു. ബാക്കിയുള്ള അദ്ധ്യായങ്ങളിൽ ഒരു പ്രാവശ്യം വീതം മാത്രമെ കാണപ്പെടുന്നുള്ളൂ.[38] ദൈവം ന്യായവും നീതിയും ഉള്ളവനാകയാൽ ഞാൻ നന്ദിയുള്ളവനാണ്. അവൻ കരുണയും ഉള്ളവനാകയാൽ ഞാൻ പൂർണ്ണ ഹൃദയത്തോടെ സന്തോഷിക്കുന്നു. നിത്യമായി രക്ഷയിലായിരിക്കാമെന്നു ഞാൻ പ്രത്യാശിക്കുന്നു!

**കഠിനപ്പെട്ട ഹൃദയങ്ങൾ (9:18)**

ധാരാളമായി ഉപയോഗിക്കപ്പെടുന്ന ഒരു ഉദാഹരണമാണ് കഠിനപ്പെട്ട ഹൃദയത്തെ കാണിയ്ക്കുന്നതിനായി സൂര്യരശ്മിക്ക് വെണ്ണയുടെയും ചെളിയുടെയും മേലുള്ള പ്രവർത്തനഫലം. വെണ്ണയെ ഉരുക്കുന്ന അതേ സൂര്യരശ്മികൾ ചെളിയെ കഠിനമാക്കുന്നു. അതുപോലെ ദൈവം സംസാരിക്കുമ്പോൾ ചില ഹൃദയങ്ങൾ മയപ്പെടുന്നു. ചില ഹൃദയങ്ങൾ കഠിനപ്പെടുന്നു. ദൈവത്തിന്റെ വചനം ഫറവോന്റെ ഹൃദയത്തെ കഠിനമാക്കി എന്തുകൊണ്ടെന്നാൽ അവന്റെ ഹൃദയം ചെളികൊണ്ടുണ്ടാക്കിയതായിരുന്നു (അങ്ങനെ പറയാമെങ്കിൽ).

**"മുന്നൊരുക്കിയ" (9:23)**

ചിലർ 9:23 ലുള്ള "മുന്നൊരുക്കിയ" എന്ന വാക്യാംശത്തെ മനസ്സിലാക്കുന്നത് ചില വ്യക്തികൾക്ക് കരുണ ലഭിയ്ക്കുമെന്നും ഈ തീരുമാനം മാറ്റാൻ പറ്റാത്തതും ആണെന്ന്. അവർ എന്തുതന്നെ ചെയ്തിരുന്നാലും 9:22-ൽ പറയുന്നത് ദൈവം നാശത്തിനുള്ള കോപപാത്രങ്ങളെ ദീർഘക്ഷമയോടെ സഹിച്ചു. ദൈവത്തിന്റെ ദീർഘക്ഷമയുടെ ഉദ്ദേശം അവർക്ക് *മാറ്റം വരുത്തുവാൻ* ഒരവസരം കൂടി നല്കുകയായിരുന്നു എന്നാണ് അതിന്റെ അർത്ഥം. അവർ നാശത്തിനായി മുന്നൊരുക്കിയിരുന്ന ഒരു പാത്രം തേജസ്സിനായി ഒരുക്കപ്പെട്ട പാത്രമായിതീർന്നാൽ തേജസ്സിനായി മുന്നൊരുക്കിയ ഒരു പാത്രത്തിന് നാശത്തിനൊരുക്കിയ പാത്രമാകുവാനും കഴിയും. ദൈവത്തിന്റെ പരമാധികാരത്തിൽപെട്ട പ്രവർത്തനങ്ങൾ മനുഷ്യന്റെ ഇഛാസ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നില്ല. ആത്യന്തികമായി നാം ഓരോരുത്തരും ഏതെങ്കിലും ഒരു കൂട്ടത്തോടു ചേർന്നുനില്ക്കുവാൻ തീരുമാനിയ്ക്കും. ഒന്നുകിൽ തേജസ്സിനായി മുന്നൊരുക്കിയ പാത്രങ്ങൾ. അല്ലെങ്കിൽ നാശത്തിനായി മുന്നൊരുക്കിയ പാത്രങ്ങൾ.

**ആരെയാണ് കുറ്റപ്പെടുത്തേണ്ടത്? (9:30–33)**

ആളുകൾ തങ്ങളുടെ തോൽവിക്കും വീഴ്ചക്കും മറ്റുള്ളവരെ കുറ്റപ്പെടുത്തുന്ന ചായ്‌വുള്ളവരാണ്. ആദാമും ഹവ്വായും ദൈവത്തോട് അനുസരണക്കേടു കാണിച്ചപ്പോൾ ആദാം ഹവ്വായെ കുറ്റപ്പെടുത്തി, ഹവ്വാ സർപ്പത്തെ കുറ്റപ്പെടുത്തി (ഉല്പത്തി. 3:12, 13). ''ഉത്തരവാദിത്വം'' എന്നതിന്റെ അർത്ഥം, ''എടുക്കാവുന്ന ഒരു ഭാരം, ഒരു ബുദ്ധിമുട്ടുമില്ലാതെ എടുത്ത് അയൽപക്കക്കാരന്റെ ചുമലിൽ വെക്കുക'' എന്നാണ്.[39] അനേകർ തങ്ങൾ ശരിയായത് ചെയ്യുന്നതിൽ തോല്ക്കുമ്പോൾ എല്ലാവരെയും, എല്ലാറ്റിനെയും കുറ്റം പറഞ്ഞ് തങ്ങളെ ഒഴിവാക്കുന്നു. ''എന്റെ മാതാപിക്കാളുടെ കുറ്റമാണ്'' ''എന്റെ ജീവിത പങ്കാളിയുടെ കുറ്റമാണ്'' ''ഈ സമൂഹത്തിന്റെ കുറ്റമാണ്'' ''മറ്റാളുകൾക്കുള്ള അനുകൂലസാഹചര്യങ്ങളൊന്നും ലഭിച്ചിട്ടില്ലാത്തതിനാലാണ്.''

കുറ്റം ഏല്പിക്കുന്ന കാര്യം പറയുമ്പോൾ എന്റെ മാതാപിതാക്കളോടുകൂടി ജീവിച്ച രണ്ട് ആൺകുട്ടികൾ എന്റെ മനസ്സിൽ കാണുന്നു. ഓരോരുത്തനും മറ്റവനെ കൈചൂണ്ടി ''അവനാണ് ചെയ്തത്'' ''അവനാണ് ചെയ്തത്'' എന്ന് പറയുമായിരുന്നു. ഒരു മാതാവിനെക്കുറിച്ച് ഇങ്ങനെ വായിച്ചു. മകനെ ഗുണദോഷിക്കുകയായിരുന്നു. അമ്മ പറഞ്ഞു പൂച്ചയുടെ വാലിൽ പിടിച്ചു വലിക്കുന്നതു നിർത്തൂ. കുട്ടി പറഞ്ഞു, ഞാൻ പൂച്ചയുടെ വാലിൽ പിടിച്ചു വലിക്കുന്നില്ല. ഞാൻ പിടിക്കുന്നതേയുള്ളൂ, അതാണ് വലിക്കുന്നത്.[40]

റോമർ 9:30–33ൽ ദൈവം കൂടുതൽ യഹൂദന്മാരെ തിരസ്ക്കരിക്കുന്നത് ആരുടെ കുറ്റമാണ്. ആരെയാണ് കുറ്റപ്പെടുത്തേണ്ടത് എന്ന ചോദ്യത്തിന് പൗലൊസ് ഉത്തരം നൽകിയത് അവിശ്വാസികളായ യഹൂദന്മാരെയാണ് എന്നത്രെ. അവർ വിശ്വാസത്താലുള്ള നീതി പിന്തുടർന്നില്ല. അതിനു പകരം പ്രവൃത്തിയാലുള്ള നീതിയാണ് പിന്തുടർന്നത്. അവിശ്വാസം നിമിത്തം യേശു അവർക്ക് ഒരു ഇടർച്ചക്കല്ലും തടങ്കൽ പാറയുമായിത്തീർന്നു.

അവിശ്വാസികളായ യഹൂദന്മാർ അവിശ്വാസികളായി നഷ്ടപ്പെട്ട സ്ഥിതിയിൽ ജീവിക്കേണ്ട കാര്യമില്ലായിരുന്നു. മനസ്സിൽ വരുന്ന ഒരു ചിത്രം ഇതാണ്. ഒരു കുട്ടി മറ്റെ കുട്ടിയുടെ കയ്യിലെ ബിസ്കറ്റ് നോക്കിക്കൊണ്ട് ആവലാതിപ്പെടുന്നു. അവനൊരു ബിസ്കറ്റുണ്ട്, എനിക്കില്ല. അപ്പോഴെല്ലാം അവന്റെ അമ്മ അവനൊരെണ്ണം നീട്ടിക്കൊണ്ട് നിൽക്കുന്നു. അവൻ അതു വാങ്ങുന്നില്ല. വാങ്ങുവാൻ അമ്മ പറയുന്നുണ്ട്. നീ ഇതു വാങ്ങിയാൽ മാത്രം മതി എന്ന്.

യഹൂദന്മാരെ നോക്കി നാം ആശ്ചര്യപ്പെടുന്നു. ''എന്തുകൊണ്ടാണ് അവർ യേശുവിനെ വിശ്വസിച്ച് രക്ഷിയ്ക്കപ്പെടാത്തത്'' അവരെ നാം പരിഹാസ്യർ എന്നു പറഞ്ഞേക്കാം. എന്തെന്നാൽ അവർ യേശുവിനെ നിരസിക്കയും ദൈവം അവരെ തള്ളിക്കളഞ്ഞു എന്ന് ആവലാതി പറയുകയും ചെയ്യുന്നു. യഹൂദന്മാരെ വിധിയ്ക്കുമ്പോൾ നാം നമ്മെത്തന്നെ ശിക്ഷവിധിയ്ക്കുകയാകുമോ? യേശുവിനെ നമ്മുടെ രക്ഷകനായും മശിഹായായും നാം സ്വീകരിച്ചിട്ടുണ്ടോ? അവൻ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്ന് നാം വിശ്വസിക്കുന്നുണ്ടോ? അവനെ കർത്താവ് എന്ന് നാം സാക്ഷിച്ചിട്ടുണ്ടോ? അവന്റെ നാമത്തിൽ സ്നാനപ്പെട്ടിട്ടുണ്ടോ? ക്രിസ്തീയ ജീവിതത്തിന്റെ മുന്നോട്ടുള്ള പോക്കിൽ അവനെ വിളിച്ചപേക്ഷിയ്ക്കുന്നുണ്ടോ? കർത്താവും നാമുമായിട്ടുള്ള ബന്ധത്തിൽ എന്തെങ്കിലും പോരായ്മകളുണ്ടോ? ഉണ്ടെങ്കിൽ നമ്മുടെ ആവശ്യം സമ്മതിച്ച്, ഏറ്റുപറഞ്ഞ് വേഗത്തിൽ കർത്താവിന്റെ വഴി സ്വീകരിക്കാം. നിങ്ങളോട് പരുഷമായി ഇടപെടുകയല്ല. തുറന്നു പറയുവാനാഗ്രഹി

ക്കുന്നു. നിങ്ങൾ നഷ്ടപ്പെട്ടുപോയാൽ അതിന് നിങ്ങളല്ലാതെ മറ്റാരെയും കുറ്റപ്പെടുത്തേണ്ട!

### ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ ചുമതലയും (9:30-33)

ദൈവത്തിന്റെ പരമാധികാരത്തെയും മനുഷ്യന്റെ ഉത്തരവാദിത്വത്തെയും കുറിച്ചുള്ള ഉപദേശത്തെക്കുറിച്ച് (അവ തമ്മിൽ വിരുദ്ധമായി കാണപ്പെടുന്നു) R.B. Kuiper ഈ വിഷയത്തെക്കുറിച്ചു പറഞ്ഞു,

> ഇതു രണ്ടിനെയും മച്ചിൽ ഉള്ള രണ്ട് ദ്വാരങ്ങളിൽ കൂടി കടന്നു പോകുന്ന രണ്ടു കയറുകളോട് സാമ്യപ്പെടുത്താം. മുകളിൽ ഒരു കപ്പിയും ഉണ്ട്. അവയിൽ ഞാൻ തൂങ്ങണമെങ്കിൽ രണ്ടുകയറും ചേർത്തു പിടിക്കണം. ഒന്നിനെമാത്രം പിടിച്ചാൽ ഞാൻ താണുപോകും.
>
> ... ശിശുസഹജമായ വിശ്വാസത്തോടെ ഞാൻ രണ്ടിനെയും ചേർത്ത് മുറുകെ പിടിക്കുന്നു. നിത്യതയിലെത്തുമ്പോൾ കയറിന്റെ രണ്ടു ഭാഗവും ഒന്നുതന്നെയാണെന്നു മനസ്സിലാകും.[41]

---

കുറിപ്പുകൾ

[1]Jim McGuiggan, *The Book of Romans*, Looking Into The Bible Series (Lubbock, Tex.: Montex Publishing Co., 1982), 5. [2]N. T. Wright, *The Climax of the Covenant: Christ and the Law in Pauline Theology* (Minneapolis: Fortress Press, 1993), 231. [3]Ibid. [4]Compare this to the statement in 2:15. [5]"In the Holy Spirit" may also be an affirmation of the fact that Paul was inspired by the Holy Spirit. [6]J. Behm, "*anáthema*," in *Theological Dictionary of the New Testament*, ed. Gerhard Kittel and Gerhard Friedrich, trans. and abr. Geoffrey W. Bromiley (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 57. [7]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 292. Some scholars assign a less severe definition to *anathema* in Romans 9:3, but most believe that the word in that verse includes being lost eternally. [8]God responded by telling Moses that "whoever has sinned" must be held responsible (Ex. 32:33). [9]I am a Christian, but that does not change the fact that I am also a part of the Roper family and a citizen of the US. [10]Walter W. Wessel, Notes on Romans, *The NIV Study Bible*, ed. Kenneth Barker (Grand Rapids, Mich.: Zondervan Publishing House, 1985), 1719.

[11]The term "adoption" υἱοθεσία (*huiothesia*) applies both to Israel under the old covenant and to Christians under the new covenant (see comments on 8:15). [12]Some ancient manuscripts have only "covenant" (singular). If Paul had only one covenant in mind, it was the one God made with Israel at Mount Sinai (Ex. 24:8). [13]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 563. (For more information on *latreia*, see comments on 12:1.) [14]Gerald R. Cragg, "The Epistle to the Romans," in *The Interpreter's Bible*, vol. 9, *Acts, Romans*, ed. George Arthur Buttrick (Nashville: Abingdon Press, 1954), 540. [15]Wessel, 1719. [16]Moo, 294. [17]Richard Rogers, *Paid in Full: A Commentary on Romans* (Lubbock, Tex.: Sunset Institute Press, 2002), 147. [18]*Eklektos* is the word from which we get "election" (see KJV). Calvinistic theologians have adopted the word "election" and made it a key part of their theology (see comments on 8:29, 30). The simplest way to understand the word "election" is to add an "s" to the front and think of "selection." [19]Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 352. [20]Ibid., 356.

[21]In this passage, "have mercy" (ἐλεέω, *eleeō*) and "have compassion" (from οἰκτίρω, *oiktirō*) are used more or less interchangeably. [22]These words were originally *spoken* to Pharaoh (Ex. 9:13, 16), but they were later *written down* ("Scripture" means "writings") for the benefit of future generations. [23]In Exodus 9:16, the rendering of the NASB agrees with the LXX. [24]Moo, 311.

[25]Morris, 361. [26]*Anthrōpos* is a generic word for "man" which can include both male and female. [27]Scholars discuss *who* "prepared" these vessels "for destruction": the individuals themselves, God, Satan, or who? Since verse 23 speaks of *God's* preparing vessels for glory, Paul probably also had the action of God in mind in verse 22. We understand, however, that there is a combination of factors. In a real sense, individuals prepare *themselves* for heaven or hell by their lives. [28]At the time Paul wrote to the Romans, there were more Gentiles in the church than Jews. Those Gentiles had accepted Jesus, while most Jews had not. [29]Isaiah 10:23 simply means that God will do what He says He will do—and He will not be slow about it. [30]Vine, 522–23. The word "remnant" is often used today to refer to a piece of cloth left over after making a garment.

[31]"Sabaoth" should not be confused with "Sabbath." "Sabaoth" means "hosts," referring to "armies" (McCord). The NIV translates the phrase "the Lord Almighty." [32]Morris, 374, n. 135. [33]Writers concern themselves with questions like this: Did Paul mean "a law that would produce righteousness," "a law that promised righteousness," or "a law (principle) of attaining righteousness (by works)"? Some think that Paul was referring to the law of Moses, which was designed to lead the Jews to righteousness (to Christ) (Gal. 3:24). [34]Vine, 606. [35]Ibid., 441. [36]Like most general statements, this needs to be qualified: God can do whatever He pleases *as long as it is consistent with His will and His character*. [37]C. E. B. Cranfield, *Romans: A Shorter Commentary* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 215. For other references to God's mercy, see 11:30–32. [38]Morris, 345. [39]Ambrose Bierce, quoted in Leonard Louis Levinson, *Webster's Unafraid Dictionary* (New York: Collier Books, 1967), 206. [40]Numerous stories could be told about people trying to shift blame. I once counseled a wife whose husband could not control his temper. The husband had hit a window with his fist, shattering the glass and severely cutting himself. Having done that, he lifted his bleeding hand and said to his wife, "Look what you made me do!"

[41]Quoted in Craig Brian Larson, ed., *Illustrations for Preaching and Teaching* (Grand Rapids, Mich.: Baker Books, 1993), 234.